# പാരീഷ് ബുള്ളറ്റിൻ

ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളി

ജൂൺ 2021



# Chavara Matrimony.com



## WE'VE MOVED

to our New Space in
## CHANGANACHERRY



**New Location**

Pulickal Building,
Opp. Arch Bishop's House,
Palace Road, Aramanapady

99957 77568

Chavara Family Welfare Centre
H.O Chavara Cultural Centre, Kochi

26 Branches in Kerala,
Bangalore, Coimbatore, Mumbai & Delhi

Cultural Centre


അഭിവന്ദ്യ പെരുന്തോട്ടം
പിതാവിന്
ജന്മദിനാശംസകൾ
ജൂലൈ 5
തോമസ്
നാമധാരികളായ
അഭിവന്ദ്യ തറയിൽ
പിതാവിനും
പെരിയ ബഹു. പാടിയത്ത്
അച്ചനും
ബഹു. മാളിയേക്കൽ
അച്ചനും
നാമഹേതുകത്തിരുനാൾ
മംഗളങ്ങൾ....



ഇടവകാംഗങ്ങൾക്ക്
ഏവർക്കും
ST. THOMAS OF INDIA
MY LORD AND MY GOD...
ദുക്റാന തിരുനാളിന്റെ
മംഗളങ്ങൾ
അസിസ്റ്റന്റ് വികാരിയായി
സ്തുത്യർഹമായ സേവനമനുഷ്ഠിച്ച
ബഹു. റിജോ ഇടമുറിയിലച്ചന്
നന്ദി...
അസിസ്റ്റന്റ് വികാരിയായി
കടന്നുവരുന്ന
ബഹു. സജേഷ് ഇളംതുരുത്തിയിലച്ചന്
ഹാർദ്ദമായ സ്വാഗതം

# ARCHBISHOP KAVUKATTU MEMORIAL PUBLIC SCHOOL & JUNIOR COLLEGE

**Affiliated to CBSE, New Delhi. Reg.No. 930862**

BY PASS ROAD, MORKULANGARA, CHANGANACHERRY - 3

**Ph : 0481 - 2402161, 8848682677**

email : akmschoolchrry@gmail.com, Website : www.akmpublicschool.in

**ADMISSION**

Play Class, KG To Class IX and Class XI

**STREAMS**

1. PCMB (Physics, Chemistry, Maths, Biology)
2. PCBM (Physics, Chemistry, Biology, Malayalam)
3. PCMC (Physics, Chemistry, Maths, Computer)

COMMERCE

4. Accountancy, Economics, Business Studies and IP

## Our Specialities

- Dedicated and Experienced Staff
- Technology enabled class rooms with interactive Digiborad systems
- Modernized Computer lab, Maths lab, Science labs & Library.
- CCTV Surveillance of whole campus.
- Daily SMS system.
- Transportation facilities.
- Kids park.



Entrance Coaching by Brilliant Study Centre Pala is available for Class XI and XII

**Cricket Coaching by KCA and Basketball coaching by KBA**



# വലിയ ആഴ്ച ആചരണം

















# മാർ തോമസ് കുര്യാളശേരി പിതാവിന്റെ ചരമവാർഷികാചരണം





















Mary Rani School was started in 1993 by the Adoration Sisters. This is an un-aided English Medium School which follows the CBSE Curriculum.

### WHAT MAKES US DIFFERENT

- Technology enabled classrooms
- Guidance & Councelling Cell
- Entrance coaching by Brilliant, Pala
- Well experienced & Dedicated staff
- Career Oriented Programmes
- Modernized computer & science labs
- Excellent coaching in Basketball, Football, Cricket & Badminton
- Hostel for Boys & Girls

### COURSES OFEERED (PLUS ONE)

- PCMB (Eng, Phy, Che, Maths, Bio)
- PCMC (Eng, Phy, Che, Maths, Comp)
- Comm/IP (English, Accountancy, Business S,Eco, IP )
- Comm/Maths (Eng, Accountancy, Business S, Eco, Maths)
- Bio/Mal (Eng, Phy, Che, Mal, Bio)
- Bio/Comp (Eng, Phy, Che, Mal, Comp)
- Bio/Hindi (English,Physics, Chemistry, Hindi, Biology )
- Bio/Physical Education (English, Physics, Chemistry, Physical Education, Biology)




**MARY RANI PUBLIC SCHOOL & JUNIOR COLLEGE**

(Affiliated to CBSE, New Delhi, Affiliation No. 930377)

**Laikad, Perunna P.O, Changanassery. Ph:0481-2400699**

**Email: maryranischool@yahoo.co.in, Website: www.maryranipublicschool.edu.in**

"Love, Sacrifice,Service"


# പാവനസ്മരണയ്ക്ക്



## കെ.പി. അന്തോനിച്ചൻ

കരിങ്ങട, ചങ്ങനാശേരി

*In Loving Memory of*




# K M ANTONY

KADAVIL (ALAPPUZHA)
RUBY NAGAR
CHANGANACHERRY

26.05.1927 - 21.06.2021



In Loving Memory of



# K.J. CHACKO Ex. MLA

## KALLUKALAM
## VAZHAPPALLY


Died: 12.04.2021





# വേർപിരിയാത്ത
# സ്നേഹസ്മരണയ്ക്ക്

## 25 – ാം ചരമവാർഷികം (21/5/2021 )



## ഒ. റ്റി. ആന്റണി

### ഒറ്റത്തെങ്ങിൽ

**സന്തപ്ത കുടുംബാംഗങ്ങൾ**

പാരീഷ് ബുള്ളറ്റിൻ

# ഇടയൻ

താളുകൾ മറിയുമ്പോൾ




ജൂൺ – ജൂലൈ 2021

ലക്കം 2

വാല്യം 7


*മാനേജിംഗ് എഡിറ്റർ:*
**വെരി. റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ**
9447359521

*ചീഫ് എഡിറ്റർ:*
**റവ. ഫാ. തോമസ് മാളിയേക്കൽ**
9447804646

*എക്സി. എഡിറ്റേഴ്സ്:*
**റവ. ഫാ. മാത്യു മറ്റം**
9847660057
**റവ. ഫാ. അലൻ വെട്ടുകുഴിയിൽ**
7012116384
**റവ. ഫാ. സജേഷ് ഇളംതുരുത്തിയിൽ**
8943135034

*കൈക്കാരന്മാർ:*
**വിന്നിച്ചൻ കല്ലൂക്കളം**
**ജോർജ്ജുകുട്ടി വാരണത്ത്**
**ജോണി കണ്ടങ്കരി**

*കമ്മറ്റിയംഗങ്ങൾ:*
**ഡോ. ജെ.ജി. റേ**
**ഡോ. സോണി കണ്ടങ്കരി**
**ജോസ് കാട്ടടി**
**ജോണി കണ്ടങ്കരി**
**റ്റോജോ പടനിലം**

*പാരിഷ് കൗൺസിൽ സെക്രട്ടറി:*
**കൊച്ചുറാണി പനച്ചിക്കൽ**


Layout & Printing:-
St. Joseph Orphanage Press
Changanacherry
Ph: 0481 2410101
E-mail: sjopresschry@gmail.com



മുഖമൊഴി 02





03 വികാരിയച്ചന്റെ സന്ദേശം

തിരുസാന്നിദ്ധ്യന്റെ സാധകൻ 06





09 ഉള്ളിൽ അഗ്നിയുടെ നെരിപ്പോടെരിഞ്ഞ പ്രവാചകൻ

അൾത്താരയിൽനിന്ന് ആർത്തരിലേയ്ക്ക് 12






18 നമ്മുടെ ആരോഗ്യം നാം ശ്രദ്ധിക്കുന്നുണ്ടോ?

ധന്യൻ മാർ തോമസ് കുര്യാളശ്ശേരി: വി. യൗസേപ്പിന്റെ ഭക്തനും കുടുംബങ്ങളുടെ സ്നേഹിതനും 21





26 തിരുഹൃദയത്തിലെ കെടാവിളക്ക്



# മുഖമൊഴി

പ്രിയപ്പെട്ട കുടുംബാംഗങ്ങളേ, 'എല്ലാം ക്രിസ്തുവിൽ നവീകരിക്കുക' എന്ന ആപ്തവാക്യവുമായി ചങ്ങനാശ്ശേരി രൂപതയുടെ സാരഥ്യം ഏറ്റെടുത്ത ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിനെ നാം ഈ ലക്കത്തിൽ അനുസ്മരിക്കുന്നു. അദ്ദേഹത്തിന്റെ ജീവിതമാതൃക ഈ കാലഘട്ടത്തിലും വളരെ പ്രസക്തമാണ്. പരി. കുർബാനയെ ജീവിതത്തിന്റെ കേന്ദ്രമായി പ്രഖ്യാപിച്ചുകൊണ്ട് ഗാർഹികസഭയെ കെട്ടിപ്പടുക്കാനുള്ള പിതാവിന്റെ ആഹ്വാനവും താൽപര്യവും ഇന്നും ഏറെ പ്രസക്തമാണ്, ആവശ്യവുമാണ്. Covid-19 ന്റെ ഈ കാലഘട്ടത്തിൽ വീടുകളിൽ മാത്രം ഒതുങ്ങിപ്പോയ നമ്മുടെ പ്രാർത്ഥനാ ജീവിതത്തിലൂടെ ഗാർഹികസഭയെ വളർത്തുവാനായിട്ടുള്ള അവസരങ്ങൾ പ്രയോജനപ്പെടുത്താം. ഈ ലക്കം ഇടയനിലൂടെ കുര്യാളശേരി പിതാവിന്റെ ജീവിതത്തിൽ വിളങ്ങിനിന്നിരുന്ന സത്ഗുണങ്ങളെ മനസ്സിലാക്കാം.



വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാളും നാം ആഘോഷിക്കുകയാണല്ലോ. മാർത്തോമായുടെ പ്രേഷിതതീക്ഷ്ണതയും വിശ്വാസചൈതന്യവും മിശിഹായോടുള്ള സ്നേഹവും നമ്മെ എന്നും പ്രചോദിപ്പിക്കട്ടെ. 'തോമസ്' നാമധാരികളായ ഏവർക്കും പ്രാർത്ഥനാശംസകൾ നേരുകയും ചെയ്യുന്നു.

സ്നേഹപൂർവ്വം

**ചീഫ് എഡിറ്റർ**







# വികാരിയച്ചന്റെ സന്ദേശം

## നാം മാർത്തോമാശ്ലീഹായടെ മക്കൾ..

ഈശോയിൽ ഏറ്റവും സ്നേഹമുള്ളവരേ,

മാർത്തോമ്മാശ്ലീഹായുടെ ദുക്റാന തിരുനാൾ കൊണ്ട് ധന്യമായ ജൂലൈ മാസത്തിൽ 'ഇടയന്റെ' ഒരു പുതിയ ഒരു ലക്കം പുറത്തു വരികയാണല്ലോ. ജൂലൈ മൂന്നാം തീയതി പതിവുപോലെ നാം ദുക്റാന തിരുനാൾ ആചരിക്കുന്നു. അടുത്തകാലംവരെ ഈ ദിനം നമ്മുടെ സമുദായ ദിനമായി അഥവാ 'ജാതീയദിന'മായി ആചരിച്ചിരുപോന്നിരുന്നു. രണ്ടു സഹസ്രാബ്ദങ്ങളിലേറെ പരന്നുകിടക്കുന്ന ചരിത്രമുള്ള ഒരു ക്രിസ്തീയസമൂഹം എന്ന നിലയിൽ നമ്മുടെ നിലനിൽപ്പിനെയും വളർച്ചയേയും, അവകാശങ്ങളേയും കടമകളെയും കുറിച്ചെല്ലാം പരിചിന്തനം ചെയ്യേണ്ട ദിനം കൂടിയാണ് ഇത്.

ഒന്നാമതായി, തോമ്മാശ്ലീഹായുടെ മിശിഹാനുഭവവും പ്രേഷിതചൈതന്യവും നാം സ്വന്തമാക്കണം. വിശുദ്ധ പൗലോസ് ശ്ലീഹാ കോറിന്തോസുകാർക്ക് എഴുതുന്നു: ''നിങ്ങൾക്ക് മിശിഹായിൽ പതിനായിരം ഉപദേഷ്ടാക്കൾ ഉണ്ടായാലും പിതാക്കന്മാർ വളരെയില്ല, സുവിശേഷംവഴി ഇശോമിശിഹായിൽ നിങ്ങൾക്ക് ജന്മമേകിയവൻ ഞാൻ തന്നെയാണ്'' (1കോറി 4.15). ഇതുപോലെ മാർ തോമ്മാശ്ലീഹായ്ക്കും നമ്മോട് ഇങ്ങനെ പറയുവാൻ കഴിയും. വിശ്വാസത്തിൽ നമ്മുടെ പൂർവപിതാക്കന്മാർക്ക് ജന്മം നൽകിയ നമ്മുടെ പുണ്യപിതാവാണ് മാർ തോമാശ്ലീഹാ. ആ ശ്ലീഹായുടെ പേരിലാണ്, നാം 'മാർത്തോമാ



ക്രിസ്ത്യാനികൾ'; 'മാർത്തോമ്മാ നസ്രാണികൾ' എന്നൊക്കെ അറിയപ്പെട്ടിരുന്നത്. ആവിധത്തിൽ നോക്കിയാൽ നാമോരോരുത്തരും മാർത്തോമ്മായുടെ നാമം സംവഹിക്കുന്നവരാണ്. വഴിയും സത്യവും ജീവനും ആയ (യോഹ 14:6) ഈശോയിലേക്കുള്ള മാർഗ്ഗം തോമാശ്ലീഹാ നമുക്ക് കാണിച്ചു തന്നു. ആദിമസഭയിൽ ക്രിസ്തീയ വിശ്വാസത്തെ, ഒരു മതം എന്നതിനേക്കാൾ 'മാർഗ്ഗം' എന്നായിരുന്നല്ലോ വിളിച്ചിരുന്നത് (ശ്ലീഹാ നട 9:2; 19:9;22:4; 24:14). നേരിന്റെയും നന്മയുടെയും ഈ മാർഗ്ഗമാണ് മാർ തോമാശ്ലീഹാ നമുക്ക് കാണിച്ചു തന്നത്. തന്റെ ഗുരുവിനോടുള്ള അതുല്യമായ സ്നേഹത്തോടുകൂടി മാർത്തോമാ ശ്ലീഹാ പറഞ്ഞു,.'നമുക്കും അവനോടു കൂടി പോയി മരിക്കാം'' (യോഹ 11:16).

അത്ര തീക്ഷ്ണമായി ഗുരുവിനെ സ്നേഹിച്ച തോമാശ്ലീഹായാകട്ടെ, ഉത്ഥിതനായ ഈശോയെ മറ്റ് ശിഷ്യന്മാർ കണ്ടതുപോലെ തനിക്കും കാണണം എന്ന് ശാഠ്യം പിടിച്ചു. തിരുവുത്ഥാനത്തിന്റെ എട്ടാം ദിവസം പ്രിയ ശിഷ്യനുവേണ്ടി ഈശോ വീണ്ടും പ്രത്യക്ഷനായി, തന്റെ മുറിപ്പാടുകളിൽ തൊട്ട് വിശ്വസിക്കുവാൻ വിളിച്ചു. ഉത്ഥിതനായ ഈശോയെ കണ്ടുമുട്ടിയ തോമ്മാ സാഷ്ടാംഗം വീണ് ആരാധിച്ചു, പ്രാർത്ഥിച്ചു, 'മാർ വാലാഹ്' - എന്റെ കർത്താവും എന്റെ ദൈവവും (യോഹ 20:28)!

''നീ ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ മിശിഹാ ആണെ''ന്ന് ശെമയോൻ കേപ്പാ ഏറ്റുപറഞ്ഞതുപോലെയുള്ള (മത്താ 16:17) ഒരു വിശ്വാസപ്രഖ്യാപനമാണ് മാർത്തോമാശ്ലീഹായും നടത്തിയത്. യോനായുടെ പുത്രനായ 'ശിമയോനേ നീ ഭാഗ്യവാൻ, മാംസരക്തങ്ങൾ അല്ല, എന്റെ സ്വർഗ്ഗസ്ഥനായ പിതാവ് ആണ് നിനക്ക് ഇത് വെളിപ്പെടുത്തുന്നത്' എന്ന് കേപ്പായോട് പറഞ്ഞതുപോലെ, ദൈവാനുഭവത്തിന്റെ ആന്തരികസ്പർശത്തിൽ നിന്നാണ് തോമാശ്ലീഹായുടെ വിശ്വാസ പ്രഖ്യാപനവും ഉതിർന്നുവന്നത്. ''നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു, കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ'' (യോഹ 20:21). തോമായ്ക്കു കിട്ടിയ സൗഭാഗ്യം തന്നിൽ വിശ്വസിക്കുന്ന ഏവർക്കും ഈശോ വാഗ്ദാനം ചെയ്യുകയാണ് ഇവിടെ. ഉത്ഥിതനായ ഈശോയെ കണ്ടുമുട്ടുമ്പോഴാണ് നമ്മുടെ വിശ്വാസവും ചൈതന്യവത്താകുന്നത്. പരിശുദ്ധ ബലിയിലും കൂദാശകളിലും യാമപ്രാർത്ഥനകളിലും കുടുംബപ്രാർത്ഥനയിലും വ്യക്തിപരമായ പ്രാർത്ഥനയിലും ദൈവവചന ശ്രവണത്തിലുമെല്ലാം നാം ഉത്ഥിതനായ ഈശോയെ അനുദിനം കണ്ടുമുട്ടുമ്പോഴാണ് നമ്മുടെ വിശ്വാസം യഥാർത്ഥത്തിൽ തേജോമയമാകുന്നത്. ഈശോയെ കണ്ടുമുട്ടിയ മാർത്തോമ്മാ ശ്ലീഹാ തന്റെ വാക്കിലും പ്രവൃത്തിയിലും ഈശോയെ പ്രഘോഷിച്ചു. ഭാരത

നാട്ടിൽവരെ ഏക രക്ഷകനായ മിശിഹായെ പ്രഘോഷിച്ച മാർത്തോമ്മാശ്ലീഹാ ഏറ്റവും ദൂരം സഞ്ചരിച്ച ഒരു പ്രേഷിതൻ കൂടിയായി മാറി. തോമാശ്ലീഹായെപ്പോലെ നാമും ഈശോയി ലുള്ള വിശ്വാസം ഏറ്റുപറയുകയും സാക്ഷ്യപ്പെടുത്തുകയും വേണം. ആ വിശ്വാസത്തിന് വേണ്ടി രക്തം ചൊരിയുവാനും മാർത്തോമാ ശ്ലീഹാ സന്നദ്ധനായി. അങ്ങനെ, ഭാരത മണ്ണിലെ ആദ്യ രക്തസാക്ഷിയും വിശുദ്ധനുമായി ത്തീർന്നവനാണ് നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹാ.

വ്യക്തിപരമായി വിശ്വാസത്തിൽ വളരുന്നതോടൊപ്പം ഒരു സമൂഹമെന്ന നിലയിൽ - സഭയെന്ന നിലയിൽ - നമ്മുടെ വിശ്വാസം പരസ്പരം പരിപോഷിപ്പിക്കുവാനും നമുക്ക് കടമയുണ്ട്. ഒരു സമുദായം എന്ന നിലയിൽ നമ്മുടെ സമൂഹം നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും മനസ്സിലാക്കി പ്രവർത്തിക്കുവാനും, പ്രത്യേകിച്ച്, നമ്മുടെ കുടുംബങ്ങളിൽ യുവതലമുറയെയും കുഞ്ഞുമക്കളെയും സ്വസഭാ പാരമ്പര്യങ്ങളിൽ അഭിമാനം കൊള്ളുവാനും നാം പഠിപ്പിക്കണം. സുവിശേഷത്തിന് വിരുദ്ധമായ തിന്മകളുടെ ശക്തികളെ ചെറുത്തുതോൽപ്പിക്കാനും വിശ്വാസമെന്ന പരിച ധരിച്ചു മുന്നേറുവാനും (എഫേ 5:16) ഈ ദുക്റാന തിരുനാളിൽ നമുക്ക് പരിശ്രമിക്കാം. മാർത്തോമാശ്ലീഹായുടെ വിശ്വാസംമന്ത്രം 'മാർ വാലാഹ്' -എന്റെ കർത്താവും എന്റെ ദൈവവും - എന്നത് നമ്മുടെ ഹൃദയസ്പന്ദനമായി മാറട്ടെ! ●



*2021 -ലെ പിതൃദിനത്തിൽ ചങ്ങനാശേരി മെത്രാപ്പോലീത്തൻ യൂണിറ്റിലെ പിതൃവേദി അംഗങ്ങൾ ഫിലിപ്പ് ഏബ്രഹാം പവ്വത്തിലിനെ ആദരിച്ചപ്പോൾ. വികാരി ഫാ. ജോസ് കൊച്ചുപറമ്പിൽ, ചങ്ങനാശേരി എംഎൽഎ അഡ്വ. ജോബ് മൈക്കിൾ എന്നിവർ സമീപം.*



# തിരുസാന്നിദ്ധ്യന്റെ സാധകൻ

**സി. സിസി കൃപ കാരിശ്ശേരിൽ SABS**



അമ്മക്കിളിയും കുഞ്ഞിക്കിളിയും പ്രഭാതത്തിലേതന്നെ ദൈവത്തെ പാടിപ്പുകഴ്ത്താനും പറന്നു നടക്കാനും ആഹാരം തേടാനുമൊക്കെയായി പട്ടണത്തിലേക്കിറങ്ങിയതാണ്. ചങ്ങനാശേരി കത്തീഡ്രലിനടുത്തെത്തിയപ്പോൾ പതിവില്ലാത്ത ഒരു തിരക്ക് കണ്ടു. കുറെ വൈദികരും സിസ്റ്റേഴ്സും ജനങ്ങളും ഒക്കെയുണ്ട്. അവരെല്ലാം സംസാരിച്ചും ചിരിച്ചും ചിലർ പ്രാർത്ഥിച്ചുമൊക്കെ കബറിട പള്ളിയിലേക്ക് പോകുന്നു. പെട്ടെന്ന് വലിയ ക്ലോക്കിന്റെ മണി മുഴങ്ങുന്നു. സിസ്റ്റേഴ്സ് എല്ലാം പെട്ടെന്ന് നിശ്ചലരായി നിന്ന് പ്രാർത്ഥിക്കുന്നു. പതിയെ പതിയെ ആ നിശബ്ദത അവിടെയെല്ലാം നിറഞ്ഞു. ഇതെല്ലാം ശ്രദ്ധിച്ച കുഞ്ഞിക്കിളി അമ്മക്കിളിയോട് ഇതേക്കുറിച്ച് ചോദിക്കുന്നതും മറ്റുമാണ് സന്ദർഭം.

കുഞ്ഞിക്കിളി:
എന്തിനെന്നോടു ചൊല്ലുകെന്റമ്മേ നീ
എന്തിനാണവരെല്ലാം നിശ്ചലരായത്?
എന്തിനാണവരെല്ലാം മണിനാദം കേൾക്കവെ
പ്രാർത്ഥനാപൂർവ്വം നിലകൊണ്ടതും.

അമ്മക്കിളി:
കബറിടപ്പള്ളിയിൽ വിശ്രമം കൊള്ളുന്ന
വന്ദ്യപിതാവേ, വന്ദനം താതാ...!
കുഞ്ഞീ, നീ കേൾക്കണം കുഞ്ഞെങ്കിലുമിക്കഥ
കുര്യാളശ്ശേരിൽ പിതാവിൻ കഥ.

കുഞ്ഞിക്കിളി:
നാടിന്റെ പുണ്യമാം ധന്യൻ പിതാവിന്റെ
വാർഷികമാണെന്ന് ചൊല്ലുന്നല്ലോ
അമ്മേ, മടിക്കാതെ ചൊല്ലു നീ, അവരെല്ലാം
താതന്റെ മക്കളോ, ഭാഗ്യം തന്നെ!

അമ്മക്കിളി:
ഉള്ളിലെരിഞ്ഞൊരാ സ്നേഹാഗ്നിജ്വാലയെ
പതിനായിരങ്ങളിൽ പകരുവാനായ്
ആരാധനാ മലർവാടിയെ വിരിയിക്കാൻ
ആത്മാർപ്പണം ചെയ്തു, സ്നേഹതാതൻ.

കുഞ്ഞിക്കിളി:
ദിവ്യകാരുണ്യത്തിൻ സ്നേഹാഗ്നിജ്വാലയെ
എങ്ങനെ, യെരിയിച്ചു പുണ്യതാതൻ
ദിവ്യകാരുണ്യഭക്തി ജ്വലിപ്പിക്കാൻ
എന്തെല്ലാം ചെയ്തെന്നു ചൊല്ലിടാമോ?

അമ്മക്കിളി:
കുഞ്ഞീ, നീ വരുകയീ കപ്പേള തന്നിലെ
കുഞ്ഞിളംകൂട്ടിൽ നമുക്കിരിക്കാം
സ്നേഹത്തിനാക്കഥ, സ്നേഹത്തിൻ മാർഗ്ഗത്തിൽ
ഈശോയൊടൊത്തു നമുക്കു കാണാം.

***

അമ്മക്കിളി:
നിറവാർന്ന ശബ്ദമാം നിത്യനിശബ്ദതേ
ദിവ്യകാരുണ്യമേ, നിൻ സവിധേ
ധ്യാനനിർല്ലീനനായ് നിന്നീടവേ ധന്യൻ
ആനന്ദനിർഭരമാക്കി,യാജീവിതം
ഹൃത്തതിന്നോരോ തുടിയുമാ, ശ്വാസവും
സ്നേഹത്തിൻ പ്രാർത്ഥനയാക്കിയാ ജീവിതം
മനംകൊണ്ടുമൊപ്പമാ ഹൃത്തതുംകൊണ്ടും
അവിടുത്തോടൊന്നായ് ജീവിച്ചല്ലോ.
ഇരവിലും പകലിലും ദിവ്യകാരുണ്യത്തിൻ
നിത്യസന്ദർശകനായിരുന്നു.
നാഥന്റെ സാന്നിധ്യാനുഭവമുൾക്കൊണ്ടു
സുകൃതജപങ്ങളും ചൊല്ലി സദാ.
ദിവ്യകാരുണ്യത്തിൻ പ്രേഷിതനാം ധന്യൻ
ദിവ്യകാരുണ്യത്തിൻ ഭക്തിയൊടും
തിരുഹൃദയഭക്തിയും മരിയ തൻ ഭക്തിയും
ജനഹൃദയത്തിലുയർത്തിയല്ലോ.
പോയാലും യൗസേപ്പിൻ പക്കലെന്നോതിയാ
താതനോടെല്ലാരേം ചേർത്തുനിർത്തി,
ക്ലോക്കടിച്ചീടുമ്പോൾ ചൊല്ലുവാനേകി
സുകൃതജപങ്ങളും മക്കൾക്കെല്ലാം.

കുഞ്ഞിക്കിളി:
എന്തിനിതമ്മേയീ ക്ലോക്കടിച്ചീടുമ്പോൾ
ചൊല്ലാൻ ജപങ്ങളോ നല്ലകാര്യം!
എപ്പോഴും ദൈവത്തെ ഓർക്കാനുതകുന്ന
നല്ലൊരു മാർഗ്ഗമീ സുകൃതജപം

| | |
|---|---|
| അമ്മക്കിളി: | വാതിൽ തുറക്കുമ്പോൾ ചൊല്ലണമിങ്ങനെ<br>സ്വർഗ്ഗം എനിക്കായ് തുറന്നീടണേ<br>വാതിൽ അടയ്ക്കുമ്പോൾ ഇങ്ങനെ ചൊല്ലണം<br>നരകത്തിൻ വാതിലടയ്ക്കേണമേ.<br>ക്രൂശിതരൂപങ്ങൾ, ഭക്തചിത്രങ്ങൾ,<br>കളകൂജനങ്ങളും സൂനങ്ങളും<br>ദൈവസാന്നിധ്യത്തിൻ സ്മരണയുണർത്തുന്ന<br>ചൂണ്ടുപലകകളാക്കി മാറ്റി. |
| കുഞ്ഞിക്കിളി: | അമ്മേ, അതുകൊള്ളാം നമ്മുടെ ശബ്ദവും<br>വന്ദ്യപിതാവിനനുഗ്രഹമായ്<br>എന്നും മുടങ്ങാതെ പാടി സ്തുതിച്ചീടാൻ<br>കാരുണ്യനാഥാ, കനിഞ്ഞിടണേ. |
| അമ്മക്കിളി: | ദൈവാലയത്തിന്നരികിലെത്തീടവേ<br>എൻകർത്താവും ദൈവവുമെന്നുചൊല്ലി<br>ക്ലോക്കിന്റെ ടിക് ടിക് നിസ്വനം കേൾക്കവേ<br>നിത്യത്വം നിത്യത്വം എന്നോർക്കയായ്. |
| കുഞ്ഞിക്കിളി: | താതന്റെ സ്നേഹത്തിൻ ഊടുവഴികളാ<br>മക്കൾക്കും താതൻ പകർന്നുവല്ലേ?<br>ഇന്നും തുടരുന്നാ, സ്നേഹത്തിൻ മാർഗ്ഗങ്ങൾ<br>എന്നും തുടർന്നീടാൻ കനിവേകിടൂ. |
| അമ്മക്കിളി: | സൂര്യകാന്തി പുഷ്പമെല്ലാനേരത്തിലും<br>സൂര്യനഭിമുഖമെന്നപോലെ<br>നമ്മുടെ ഹൃദയവും നാഥനിലേയ്ക്കായി<br>എന്നും തിരിയേണമെന്നു ചൊല്ലി. |
| കുഞ്ഞിക്കിളി: | ഈശ്വരസാന്നിധ്യം ഉള്ളിൽ നിറയ്ക്കുവാൻ<br>വേറേതു മാർഗങ്ങളെന്തുണ്ടു പാരിൽ?<br>ഓരോരോ ജോലികൾ ചെയ്തീടും വേളയിൽ<br>നാഥന്റെ സാന്നിധ്യമോർത്തീടേണം. |
| അമ്മക്കിളി: | ഇത്തരമൊരുപിടി മാർഗങ്ങളേകിയ<br>ദിവ്യസാന്നിധ്യത്തിൽ സാധകനാം<br>ധന്യനാം കുര്യാളശേരിൽ പിതാവു നമുക്കായ്<br>വേഗം വിശുദ്ധനായ്ത്തീർന്നിടട്ടെ... |
| കുഞ്ഞിക്കിളി: | പരിശുദ്ധ പരമമാം ദിവ്യകാരുണ്യമേ<br>എന്നേരവും അങ്ങേയ്ക്കാരാധന<br>എന്നേയ്ക്കുമെപ്പോഴും ആരാധനാ-<br>യെന്റ ഉള്ളിന്റെയുള്ളിൽ നിന്നാരാധന. |



# ഉള്ളിൽ അഗ്നിയുടെ നെരിപ്പോടെരിഞ്ഞ പ്രവാചകൻ

സി. സിസി മരിയ വാഴപ്പള്ളിൽ SABS



**വിളക്കുമരത്തോട് അമ്മ പറഞ്ഞു.**

''മകനേ, നിന്റെ ജന്മലക്ഷ്യം മറ്റുള്ളവർക്ക് വെളിച്ചമാകാനുള്ളതാണ്. അതിനാൽ അവർ നിന്നെ അനുയോജ്യമായ സ്ഥലത്ത് സ്ഥാപിക്കും. ആ സ്ഥലം നീ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും വെളിച്ചം നൽകുക എന്നതാണ് നിന്റെ ദൗത്യം. ''തലമുറകളുടെ വെളിച്ചമാകാൻ ഭൂമിയിൽ ദൈവം കൊളുത്തിയ വിളക്കാണ് മാർ തോമസ് കുര്യാളശ്ശേരി.

''കത്തിജ്വലിക്കുന്ന ഒരു വിളക്കായിരുന്നു അവൻ'' (യോഹ. 5:35) എന്ന സ്നാപകനെക്കുറിച്ചുള്ള ഈശോയുടെ സാക്ഷ്യം അന്വർത്ഥമാക്കിയ ജീവിതം. മറ്റൊരു ചിന്താധാരയിൽ 'മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്ത്വപ്പെടുത്തേണ്ടതിന്' പീഠത്തിന്മേൽ സ്ഥാപിക്കപ്പെട്ട വിളക്ക്.

വിളക്ക് ഒരു പ്രതീകമാണ്. അത് ജീവന്റെ, നന്മയുടെ, അറിവിന്റെ, പ്രതീക്ഷയുടെയൊക്കെ ഒരു പ്രചോദകഭാവം മനുഷ്യനിൽ ഉജ്ജീവിപ്പിക്കുന്നു. വിളക്ക് കൈയ്യിലേന്തുന്ന മനുഷ്യൻ ശക്തനാണ്. 'നിത്യമാം പ്രകാശമേ നയിക്കുകെന്നെ നീ' എന്ന കർദ്ദിനാൾ ന്യൂമാന്റെ ഈരടിപോലെ ദൈവത്തിൽ ആശ്രയം വച്ചവന്റെ ഉറച്ച പാദവയ്പുകളാണത്. ഏതൊരു മനുഷ്യനിലും മാറ്റം സൃഷ്ടിച്ച് സമൂഹത്തെ പുരോഗതിയിലേയ്ക്ക് നയിച്ച് കടന്നുപോയ നമ്മുടെ പിതാവിലും ഈ ദൈവികതേജസ്സിന്റെ പ്രസരണമാണ് നാം കാണുന്നത്.

ജീവിതകാലമത്രയും ദിവ്യകാരുണ്യത്തെ കയ്യിലേന്തി കാലഘട്ടത്തിന് പുതിയ ചരിത്രമെഴുതിയ മനുഷ്യാത്മാവാണ് കുര്യാളശ്ശേരിൽ തോമാമെത്രാൻ. ''സകലവും ക്രിസ്തുവിൽ നവീകരിക്കുക'' എന്ന വി.ശ്ലീഹായുടെ ആഹ്വാനം പിതാവ് തന്റെ മുദ്രാവാക്യമായി സ്വീകരിച്ച് കരുത്തുള്ള അജപാലകനായി മാറി. 'മറിയംവഴി ഈശോയിലേയ്ക്ക്' തന്റെ അജഗണങ്ങളെ പിതാവ് വഴിനടത്തി. അനുയോജ്യമായ പുൽമേടുകൾപോലെ ആരാധനാസഖ്യങ്ങൾ, സംഘടനകൾ, സുകൃതോപദേശങ്ങൾ, ആത്മീയതയിലുറപ്പിക്കുന്ന ഇടയലേഖനങ്ങൾ തുടങ്ങിയ നിർല്ലോപമായി രൂപപ്പെടുത്തി മക്കൾക്കായി നല്കി. 'നീതിമാന്റെ ദീപം തെളിഞ്ഞ് പ്രകാശിക്കും' എന്ന് സുഭാഷിതം. ആ പ്രകാശത്തിൽ അനേകർ ദൈവത്തെ കണ്ടു.

ജ്വലിക്കുന്നവനാരോ അവന്റെയുള്ളിൽ അഗ്നിയുണ്ട്. ബൈബിൾ പറയുന്നു. 'ജ്ഞാനിയുടെ ഉപദേശം ജീവന്റെ ഉറവയാണ്' (സുഭാ. 13:14). എന്താണ് ജ്ഞാനം? 'ജ്ഞാനം കർത്താവിനോടുള്ള ഭക്തിയാണ്' (ജോബ് 28:28). ഈ ദൈവഭക്തി ജീവന്റെ ഉറവയാണ് (സുഭാ. 14:27). കൂടാരത്തിരുനാളിന്റെ അവസാനത്തെ മഹാദിനത്തിൽ യേശു എഴുന്നേറ്റുനിന്ന് ശബ്ദമുയർത്തിപ്പറഞ്ഞു. ''എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന് വിശുദ്ധ ലിഖിതം പ്രസ്താവിക്കുന്നതുപോലെ ജീവജലത്തിന്റെ അരുവികൾ ഒഴുകും'' (യോഹ 7:37-38) കത്തിജ്വലിച്ച ദൈവസ്നേഹാഗ്നിയിൽ പരി.കുർബാനയോട് തളയ്ക്കപ്പെട്ടുനിന്ന കുര്യാളശ്ശേരി പിതാവിൽനിന്ന് ഒഴുകിവന്ന പരിശുദ്ധാത്മ ഫലങ്ങളും കൃപകളും സഹജരുടെ ജീവിതത്തിൽ ജീവജലത്തിന്റെ അരുവിയായി. അരുകിലെത്തുന്ന ഓരോ മനുഷ്യനും അത് വ്യക്തിപരമായ പിതൃവാത്സല്യമായി അനുഭവിച്ചു. രോഗികൾക്കും ദരിദ്രർക്കും ആലംബഹീനർക്കുമത് തേടിയെത്തുന്ന കാരുണ്യമായി മാറി. കോളറാ ബാധിതർ അത് ശുശ്രൂഷയും സാന്ത്വനവുമായി സ്വീകരിച്ചു. കവിൾവാർപ്പു രോഗിയ്ക്കാകട്ടെ, പ്രതീക്ഷയുടെ തിരിനാളമായി. ഭിക്ഷ തേടി വന്നവർക്ക് രണ്ടാം നിലയിൽ നിന്നിറങ്ങിച്ചെന്ന്

ദാനം ചെയ്യുന്ന പിതാവ് കരുതലിന്റെ പര്യായമായി. കരകവിഞ്ഞു വന്ന വെള്ളപ്പൊക്കത്തിൽ അത് കൃപയുടെ അടയാളമായി.

അഗ്നിയിൽനിന്ന് ഒഴുകിയിറങ്ങുന്നത് ജീവജലം. കത്തിയെരിഞ്ഞിട്ടും ചാമ്പലായിത്തീരാതെ ഹോറെബിൽ ഒരു മുൾപ്പടർപ്പ്. ഇതാണ് ആത്മാവ് ജ്വലിച്ചു നിന്ന പിതാവിന്റെ ജീവിതത്തിലും നാം കാണുന്നത്. 'ഉള്ളിൽ അഗ്നി വഹിച്ചവൻ...' നീ ചൂടുള്ളവനായിരിക്കണമെന്ന് വെളിപാട് ഓർമ്മപ്പെടുത്തുന്നു. ഈശോ പറയുന്നു. 'അവന് ജീവന്റെ പ്രകാശം ഉണ്ടായിരിക്കും' (യോഹ. 8:12). പിതാവിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളും പ്രേഷിതമനസും പുനരൈക്യ ശ്രമങ്ങളുമെല്ലാം ഉള്ളിൽ ജ്വലിച്ച ജീവാഗ്നിയുടെ ബഹിർസ്ഫുരണങ്ങളാണ്.

വിളക്ക് കൈവശമുള്ളവൻ ജ്ഞാനിയെന്നാണ് പണ്ഡിതമതം. ''ജ്ഞാനം വീട് പണിയുന്നു'' (സുഭാ.14:1) ഏതൊരു മനുഷ്യന്റെയും സ്വപ്നമാണ് വീട്. മനസിൽ മെനഞ്ഞതിന് മണ്ണിലിടം നല്കുമ്പോഴാണ് വീട് യാഥാർത്ഥ്യമാകുന്നത്. പിതാവും സ്വപ്നത്തെ പിഞ്ചെന്നവനാണ്. സ്വർഗ്ഗത്തിലെ മാലാഖമാർക്ക് സമം ഭൂമിയിലും ഒരു ഗണം മാലാഖമാർ എന്ന വലിയ സ്വപ്നം ആരാധന സഭാ സ്ഥാപനത്തിലൂടെ പിതാവ് യാഥാർത്ഥ്യമാക്കി. ഉള്ളിൽ ജ്വലനമുള്ളവനെ ആത്മാവിന്റെ ഉൾവിളികളെ പിന്തുടരാനും സഫലീകരിക്കാനും സാധിക്കൂ. 'മനുഷ്യചേതന കർത്താവ് കൊളുത്തിയ വിളക്കാണ്' (സുഭാ. 20:27). കുര്യാളശേരി പിതാവിന്റെ ഉള്ളിൽ ഈ വിളക്ക് എന്നും ജ്വലിച്ചു നിന്നു. അൾത്താരയിലെ കെടാവിളക്കുപോലെ രാവും പകലും അത് പ്രഭ ചൊരിഞ്ഞു. ഈ വെളിച്ചം കാലത്തിനതീതമായി ജന്മജന്മാന്തരങ്ങളിലേയ്ക്ക് ജീവനും പ്രകാശവും ജ്ഞാനവും പ്രതീക്ഷയുമായി നിലകൊള്ളുന്നു.

സങ്കീർത്തകനെപ്പോലെ നമുക്കും പ്രാർത്ഥിക്കാം. 'കർത്താവേ അങ്ങിലാണ് ജീവന്റെ ഉറവ. അങ്ങയുടെ പ്രകാശത്തിലാണ് ഞങ്ങളുടെ പ്രകാശം' ഞങ്ങളെ ജ്വലിപ്പിക്കണമെ. ജീവന്റെ ഉറവയായി ഞങ്ങളും മാറട്ടെ. ●

''കുട്ടികളുടെ വളർത്തലിലും വിദ്യാഭ്യാസത്തിലും, സമുദായത്തിന്റെയും സഭയുടെയും രക്ഷയും ഭാഗ്യവും ആശ്രയിച്ചിരിക്കുന്നു'' (PL. 28)

● ധന്യൻ മാർ തോമസ് കുര്യാളശേരി ●



# അൾത്താരയിൽനിന്ന് ആർത്തരിലേയ്ക്ക്

## - ദൈവദാസി മദർ മേരി ഫ്രാൻസിസ്ക്ക ദ ഷന്താൾ -

**സിസ്റ്റർ ഗ്ലോറിസ്റ്റ അറയ്ക്കൽ** SABS
സെന്റ് ജോസഫ്സ് പ്രോവിൻസ്, തലശ്ശേരി.



പരിശുദ്ധ കുർബാനയുടെ ആദ്ധ്യാത്മികത ജീവിക്കുകയും ഈ ആദ്ധ്യാത്മികതയുടെ സവിശേഷചൈതന്യം സമകാലിക സമൂഹത്തിനു പകർന്നേകുകയും ചെയ്ത ദൈവദാസി മദർ മേരി ഫ്രാൻസിസ്ക്ക ഷന്താളിന്റെ 49-ാം ചരമവാർഷികമാണ് മെയ് 25. താൻ ജീവിച്ച കാലത്തിന് അപരിചിതമായിരുന്ന പങ്കുവയ്ക്കൽ സംസ്ക്കാരത്തെ സ്വജീവിതം കൊണ്ട് അടയാളപ്പെടുത്തിയ ധന്യജീവിതത്തിനുടമയാണ് പരിശുദ്ധ കുർബാനയുടെ ആരാധനാ സമൂഹത്തിന്റെ പ്രഥമാംഗവും സഹസ്ഥാപകയുമായ മദർ ഷന്താൾ. ലോകത്തിനു ജീവനുണ്ടാകുവാൻ സ്വയം ആഹാരമായി മാറിയ വിശുദ്ധ കുർബാനയിലെ ഈശോയ്ക്ക് സമർപ്പിതമായ മദറിന്റെ ജീവിതം സഹജീവികളോടുള്ള ആർദ്രമായ കാരുണ്യത്തിന്റെ കവിഞ്ഞൊഴുകലായിരുന്നു. അഗ്നിയോടു ചേർന്നിരിക്കുന്ന കരിക്കട്ടയ്ക്ക് കനലായി മാറിയേ പറ്റൂ.

ഈശോസഹവാസം ആത്മാവിലനുഭവിച്ച മദർ ഷന്താൾ സഹോദരങ്ങളുടെ ആവശ്യങ്ങളും അവശതകളും ഹൃദയം കൊണ്ടറിഞ്ഞു, അനേകർക്ക് കരുതലുള്ള സ്നേഹത്തിന്റെ സാന്നിധ്യമായി മാറി. സാഹോദര്യത്തിന്റേയും സഹജീവിസ്നേഹത്തിന്റേയും മാതൃകകളാൽ സമ്പന്നമാക്കപ്പെട്ട കുടുംബാന്തരീക്ഷത്തിൽ ജനിച്ചു വളർന്ന ഫിലോമിനായിൽ (ഷന്താൾ) ഈ സദ്ഗുണങ്ങൾ ചെറുപ്പം മുതലേ വേരുപാകിയിരുന്നു. തന്റെ പിതാവ് വീട്ടിൽ നിന്ന് പണവും അരിയും ഭക്ഷണസാധനങ്ങളും സാധുക്കൾക്കും ദീനക്കാർക്കും നൽകുന്നത് കണ്ടുവളർന്ന ബാല്യമായിരുന്നു അവളുടേത്. തന്റെ ഭക്ഷണവും വസ്ത്രവും പട്ടിണിപ്പാവങ്ങളായ കുഞ്ഞുങ്ങളുടെ കൈകളിൽ ഏല്പിക്കുന്നത് ആ നിഷ്ക്കളങ്കബാല്യത്തിന്റെ ആനന്ദമായിരുന്നു. 'ദീനശുശ്രൂഷി' എന്നറിയപ്പെട്ടിരുന്ന സ്വപിതാവിനോടൊപ്പം കിടപ്പുരോഗികളേയും പകർച്ചവ്യാധി പിടിപെട്ടവരേയും ഫിലോമിനായും ശുശ്രൂഷിച്ചിരുന്നു. ബാല്യംമുതൽ ഫിലോമിനായിൽ പ്രകടമായിരുന്ന കരുണയും അനുകമ്പയും ദാനശീലവുമെല്ലാം വർഷങ്ങൾ പിന്നിട്ടപ്പോൾ വിശുദ്ധ കുർബാനയുടെ സാന്നിദ്ധ്യസഹവാസങ്ങളിലൂടെ സമൃദ്ധമായി ഫലം ചൂടി. ഇരുകരകളേയും നനച്ചുകൊണ്ട് അനുസ്യൂതമായി ഒഴുകിയ കരുണ്യത്തിന്റെ നിർഝരി - അതായിരുന്നു മദർ ഷന്താൾ എന്ന ഷന്താളമ്മ. നന്മചെയ്തു കടന്നുപോയ നസ്രായനെ തിരുവപ്പത്തിൽ ആരാധിച്ച അമ്മ ഒൻപതുപതിറ്റാണ്ടുകളിലെ ജീവിതംകൊണ്ട് ഈ മണ്ണിലവശേഷിപ്പിച്ചത് സമാനതകളില്ലാത്തതും അന്നത്തെ സന്യാസസങ്കല്പങ്ങളിൽനിന്ന് വ്യത്യസ്തവുമായ പങ്കുവയ്ക്കലിന്റെ സംസ്ക്കാരമാണ്. വാങ്ങി വലുതാകാതെ കൊടുത്ത് ഇല്ലാതാകുന്ന ദിവ്യകാരുണ്യശൈലിയുടെ നേർക്കാഴ്ച.

'ഈ ചെറിയവരിൽ ഒരുവനു നിങ്ങൾ ചെയ്തപ്പോൾ എനിക്കു തന്നെയാണു ചെയ്തത്' (മത്താ. 25:40). തന്റെ ചുറ്റുപാടുകളിൽ ധാരാളം ചെറിയവരെ കണ്ടെത്താനുള്ള കാഴ്ചയും അവരെ ശുശ്രൂഷിക്കാനുള്ള മനസ്സിന്റെ ആർദ്രതയും ഷന്താളമ്മയെ പാവങ്ങളുടെ അമ്മയാക്കി. കുട്ടികളും മുതിർന്നവരും വിശക്കുന്നവരും വീടില്ലാത്തവരും കുടുംബിനികളും സമർപ്പിതരും വൈദികവിദ്യാർത്ഥികളുമെല്ലാം ഈ ചെറിയവരുടെ ഗണത്തിലുണ്ട്. ജാതിഭേദത്തിനും സാമൂഹിക വേർതിരിവുകൾക്കുമപ്പുറം ഓരോവ്യക്തിയുടേയും മഹത്വത്തെ അമ്മ മാനിച്ചു.

വിദ്യാലയാന്തരീക്ഷവും വിദ്യാർത്ഥികളും ഷന്താളമ്മയ്ക്ക് എന്നും പ്രിയപ്പെട്ടതായിരുന്നു. ഭക്ഷണം കഴിക്കാതെ സ്കൂളിലെത്തുന്ന കുട്ടികളുടെ വാടിയ മുഖം വായിച്ചറിയുന്ന അമ്മ താൻ കഴിക്കാതെ മാറ്റി

വച്ചിരിക്കുന്ന ഭക്ഷണം അവർക്കായി പങ്കിടും. ഉച്ചഭക്ഷണമില്ലാത്ത പത്തു കുട്ടികൾക്കെങ്കിലും എല്ലാദിവസവും മഠത്തിൽനിന്നു ഭക്ഷണം കൊടുക്കാൻ അമ്മ ഇടപാടുചെയ്തിരുന്നു. പഴയപുസ്തകങ്ങളും പുതിയ വസ്ത്രങ്ങളും ശേഖരിച്ച് സാധുക്കളായ കുട്ടികളുടെ ആവശ്യം പരിഹരിക്കാനും അഭിമാനം കാക്കാനും അമ്മക്കു കഴിഞ്ഞിട്ടുണ്ട്. ആവശ്യത്തിനു ആഹാരമില്ലാതെ എത്തിയിരുന്ന സ്കൂൾ ജോലിക്കാരെത്തേടിയും അമ്മയുടെ കൊച്ചു ഭക്ഷണപ്പൊതിയെത്താറുണ്ടായിരുന്നു. ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭദശകങ്ങളിലെ കേരളസമൂഹത്തിന്റെ ദരിദ്രമുഖം ഷന്താളമ്മ ജീവിച്ചിരുന്ന മധ്യ തിരുവിതാംകൂറിലും വ്യത്യസ്തമായിരുന്നില്ല.

അടുപ്പു പുകയാത്ത അയൽപക്കങ്ങൾ ഷന്താളമ്മയെ വേദനിപ്പിച്ചിരുന്നു. മഠത്തിലും ദാരിദ്ര്യമനുഭവിക്കുന്ന സമയത്ത് ആഗ്രഹിച്ചു കിട്ടിയ അല്പം നെല്ല് ഉണങ്ങാനിട്ടിരുന്നത് തിരിച്ചെടുക്കാൻ ചെന്നപ്പോഴേയ്ക്കും അത് അടുത്തവീട്ടിൽ വിശക്കുന്ന വയറിന് വിഭവമായി മാറിക്കഴിഞ്ഞിരുന്നു. പലപ്പോഴും മഠത്തിന്റെ പറമ്പിലെ കാർഷികവിളകളുടെ പങ്ക് ആവശ്യക്കാരന്റെ അടുക്കളയിൽ എത്തുമായിരുന്നു, മഠത്തിന്റെ അകത്ത് എത്തും മുമ്പേതന്നെ. വിശക്കുന്ന വയറിന് ആഹാരം കൊടുക്കുന്നതാണ് ഏറ്റവും വലിയ പുണ്യം എന്ന അമ്മയുടെ ബോധ്യത്തിൽ രൂപപ്പെട്ട ഇത്തരം പ്രവൃത്തികൾ അവിവേകം എന്ന് വ്യാഖ്യനിക്കപ്പെട്ടേക്കാം. അമ്മയുടെ കയ്യിൽ കിട്ടുന്നതെന്തും പാവപ്പെട്ടവരുടെ ആവശ്യങ്ങൾക്കുള്ള ഉത്തരമാകുമായിരുന്നു. തണുത്തു വിറച്ച അയൽക്കാരി അമ്മാമ്മയ്ക്ക് സ്വന്തം ഉടുപ്പു നല്കിയാണ് അമ്മ പരിഹാരം കണ്ടത്. മഠത്തിൽ വിശേഷാവസരങ്ങളിൽ ഉപയോഗിച്ചിരുന്ന സ്പൂണുകളും പാത്രങ്ങളും സഹായാഭ്യർത്ഥനയുമായി വന്ന സാധുവിന്റെ കൈകളിലെത്തി. അവ വിറ്റ് ആവശ്യം നിറവേറ്റട്ടെ എന്ന് അമ്മ മനസ്സിന്റെ സാന്ത്വനോക്തിയും. അനൗചിത്യമെന്ന് തോന്നാമെങ്കിലും ആവശ്യക്കാരനെ അനുകമ്പകൊണ്ട് സമ്പന്നരാക്കുകയായിരുന്നു ഷന്താളമ്മ. കൈയിൽ കിട്ടുന്നതും കണ്ണിൽപെടുന്നതും വിശപ്പടക്കാനും നഗ്നതമറയ്ക്കാനും കുളിരകറ്റാനുമായി ദാനം ചെയ്യുന്ന നന്മയുടെ വറ്റാത്ത ഉറവിടമായിരുന്നു മദർ ഷന്താൾ. ദരിദ്രരേയും ആവശ്യത്തിലിരിക്കുന്നവരേയും സഹായിക്കാൻ മറ്റുള്ളവരുടെ മുൻപിൽ കൈ നീട്ടേണ്ടിയിരുന്നു അമ്മയ്ക്ക്. മഠത്തിലെത്തുന്ന സന്ദർശകരും പള്ളിയിൽപോയിവരുമ്പോൾ കണ്ടുമുട്ടുന്ന മാന്യവ്യക്തികളുമെല്ലാം അമ്മയുടെ മുമ്പിൽ ഔദാര്യമുള്ളവരാകും. ഇങ്ങനെയായിരുന്നു ആവശ്യത്തിലിരുന്ന പല വൈദികവിദ്യാർത്ഥികളേയും സഹായിക്കാൻ അമ്മയ്ക്ക് സാധിച്ചത്. മാത്രമല്ല, അവർ അവധികഴിഞ്ഞു പോകുമ്പോൾ കൊണ്ടുപോകേണ്ട പെട്ടി, ഡ്രസ്സുകൾ

മുതലായവയുടെ രൂപത്തിൽ ഈ കനിവിന്റെ അമ്മയുടെ കരങ്ങൾ അവർക്ക് സമാശ്വാസമേകിയിരുന്നു.

കടുത്ത പ്രതിസന്ധിയുടെ മുമ്പിൽ പകച്ചുനില്ക്കുന്നവർക്ക് അത്താണിയായി മാറി ഷന്താളമ്മ. ആത്മഹത്യക്കു ശ്രമിച്ച അവിവാഹിതയായ ഒരു ഗർഭിണി ഷന്താളമ്മയുടെ ഇടപെടൽ മുഖാന്തിരം മരണത്തിൽ നിന്നു രക്ഷപെട്ട് സുരക്ഷിതമായി ഒരു അഭയകേന്ദ്രത്തിൽ എത്താനിടയായി. അമ്മയുടെ ഇടപെടൽ ധാരാളം ആരോപണങ്ങൾക്കും വിമർശനങ്ങൾക്കും ഇടയാക്കിയെങ്കിലും യുവതിയുടേയും ഗർഭസ്ഥശിശുവിന്റേയും ജീവൻ രക്ഷിക്കാൻ സാധിച്ചതിൽ അമ്മയ്ക്കുണ്ടായ കൃതാർത്ഥത ചെറുതായിരുന്നില്ല. ഒരിക്കൽ അമ്മയെ കാണാൻ വന്ന ഗർഭിണിയായ യുവതിയുടെ ആവശ്യമെന്തെന്ന് അമ്മ മനസ്സിൽ ഗ്രഹിച്ചു. സദുപദേശത്തോടൊപ്പം കുറച്ചധികം പഴയതുണി പൊതിഞ്ഞു കൊടുത്താണ് ഏതാനും ദിവസങ്ങൾക്കകം പ്രസവം പ്രതീക്ഷിക്കുന്ന ആ സ്തീയെ യാത്രയാക്കിയത്.

> അടുപ്പു പുകയാത്ത അയൽപക്കങ്ങൾ ഷന്താളമ്മയെ വേദനിപ്പിച്ചിരുന്നു. മഠത്തിലും ദാരിദ്ര്യമനുഭവിക്കുന്ന സമയത്ത് ആഗ്രഹിച്ചുകിട്ടിയ അല്പം നെല്ല് ഉണങ്ങാനിട്ടിരുന്നത് തിരിച്ചെടുക്കാൻ ചെന്നപ്പോഴേയ്ക്കും അത് അടുത്തവീട്ടിൽ വിശക്കുന്ന വയറിന് വിഭവമായി മാറിക്കഴിഞ്ഞിരുന്നു.

രോഗത്തിന്റെ സഹനത്തിലൂടെ കടന്നുപോകുന്നവർക്ക് വലിയ ആശ്വാസമായിരുന്നു ഷന്താളമ്മയുടെ ശുശ്രൂഷയും സ്നേഹസാന്നിദ്ധ്യവും. രോഗം മൂർഛിച്ച് മരണാസന്നനായിക്കിടന്ന മലവേടനെ ശുശ്രൂഷിക്കാനും ആശ്വസിപ്പിക്കാനും ഒരു മനുഷ്യനെപ്പോലെ മരിക്കാൻ സഹായിക്കാനും ഒരു ഷന്താളമ്മ ഉണ്ടായിരുന്നു എന്നത് കാലം മറക്കാത്തൊരു സത്യം മാത്രം. പത്തുവർഷമായി ഉണങ്ങാത്ത തന്റെ കാലിലെ മുറിവുമായി ഏറെ ബുദ്ധിമുട്ടിയിരുന്ന തന്റെതന്നെ സഭാംഗമായ സഹോദരിയുടെ മുറിവ് ഷന്താളമ്മ കഴുകി മരുന്നു വച്ച് കെട്ടി. ആ മുറിവിൽ ഒരു സ്നേഹചുംബനവും നല്കി. സാന്ത്വന സ്പർശവും സ്നേഹപരിചരണവുംവഴി രണ്ടാഴ്ചകൊണ്ട് മുറിവ് സുഖപ്പെട്ടു. കനിവിന്റെ കവിഞ്ഞൊഴുക്ക് മഠത്തിന്റെ അകത്തളങ്ങളേയും ആർദ്രമാക്കിയിരുന്നു. രോഗാവസ്ഥയിലായിരുന്ന സഹോദരിമാർ അമ്മയുടെ സാന്നിധ്യവും സാന്ത്വന വാക്കുകളുംവഴി മനസ്സിന്റെ ധൈര്യവും പ്രത്യാശയും വീണ്ടെടുത്തു.

നന്മനിറഞ്ഞ ഒരു തണൽമരമായിരുന്നു അമ്മ. ഭാരമിറക്കാനും വിശ്രമിക്കാനും സമർപ്പണചൈതന്യം ഊതിക്കത്തിക്കാനും സിസ്റ്റേഴ്സിന് ഈ വടവൃക്ഷത്തിന്റെ ശീതളഛായയിൽ ഇടമുണ്ടായിരുന്നു.

ഷന്താളമ്മയുടെ ആത്മീയചൈതന്യവും ആധികാരികതയും ഉള്ള വാക്കുകൾ വ്യത്യസ്തമേഖലകളിലുള്ള ധാരാളം വ്യക്തികൾക്ക് ദിശാബോധം നല്കാനും മനഃസുഖം പകരാനും ഇടയാക്കിയിട്ടുണ്ട്. മാനസാന്തരത്തിലേയ്ക്കും സജീവവിശ്വാസത്തിലേയ്ക്കും വ്യക്തികളെ നയിക്കാൻ ദൈവം കണ്ടെത്തിയ വിനീത ഉപകരണമായിരുന്ന അമ്മയുടെ അവസരോചിതമായ ഇടപെടലും പ്രാർത്ഥനയും പല കുടുബങ്ങളിലും സമാധാനത്തിന്റെ അന്തരീക്ഷം പുനഃസ്ഥാപിച്ചു. ഭവനസന്ദർശനം നടത്തി രോഗികൾക്കായി പ്രാർത്ഥിക്കുകയും കുടുംബത്തിന്റെ പ്രശ്നങ്ങൾക്ക് പ്രാർത്ഥനയിലൂന്നി പരിഹാരം നിർദ്ദേശിക്കുകയും ചെയ്തപ്പോൾ സാഹോദര്യത്തിന്റെ നവീനമായ കർമ്മപദ്ധതികൾ സമൂഹത്തിനു പരിചയപ്പെടുത്തുകയായിരുന്നു ഷന്താളമ്മ. ഈ സന്ന്യാസിനിയിലൂടെ സമർപ്പണജീവിതത്തിന്റെ വേറിട്ട ഒരുമുഖം ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭദശകങ്ങളിലെ കേരളസമൂഹം ദർശിച്ചു.

ഒരാളുടെ ജീവിതത്തിന്റെ മഹനീയത വിലയിരുത്തപ്പെടുന്നത് സ്നേഹത്താലാണ് എന്ന് ഫ്രാൻസീസ് പാപ്പാ ഓർമ്മപ്പെടുത്തുന്നു. സ്നേഹത്തിന്റെ പ്രവൃത്തികളാൽ സഹോദരങ്ങളെ സമ്പന്നരാക്കിയ ഷന്താളമ്മയുടേത് കേവലം സാമൂഹികപ്രവർത്തനമായി പരിമിതപ്പെടുത്തിക്കൂടാ. മറിച്ച് അപരനുവേണ്ടി ഹോമബലിയാകുക എന്ന പരിശുദ്ധ കുർബാനയുടെ ആദ്ധ്യാത്മികതയുടെ പ്രകാശനമായിരുന്നു അവയോരോന്നും. വിശുദ്ധ കുർബാനയുടെ ആരാധനാസമൂഹത്തിന്റെ പ്രഥമാംഗവും സഹസ്ഥാപകയുമായ ഷന്താളമ്മ ഈ സമൂഹത്തിന്റെ ആദ്ധ്യാത്മികത ജീവിക്കുകയായിരുന്നു, തലമുറകൾക്ക് പ്രചോദനമായിക്കൊണ്ട്. തിരുവോസ്തിയിൽ ആരാധിക്കപ്പെടുന്നവന്റെ പ്രഭാപൂർണ്ണമായമുഖം ദൈവികസൗന്ദര്യം നഷ്ടപ്പെട്ട മുഖങ്ങളിൽ അമ്മ ദർശിച്ചു, കാരുണ്യത്തിന്റെ ശുശ്രൂഷകളായി ചുറ്റുമുള്ളവരുടെ ദുരിതകാണ്ഡങ്ങളിലേയ്ക്ക് കടന്നുചെന്നു. അൾത്താരയിൽനിന്ന് ആർത്തരിലേയ്ക്ക് അമ്മയുടെ പാദങ്ങൾ ചലിച്ചു.

1880 മുതൽ തൊണ്ണൂറ്റിരണ്ടുവർഷക്കാലം ദൈവസ്നേഹത്തിന്റെ ഓർമ്മപ്പെടുത്തലായി ഈ ഭൂമിയ്ക്ക് സ്നേഹത്തിന്റെ ദൂത് കൈമാറിയ ദൈവദാസി മദർ ഷന്താൾ 1972 മെയ് 25ന് നിത്യതയിലേയ്ക്ക് യാത്രയായി നിലയ്ക്കാത്ത ആരാധനയ്ക്കായി സ്വർഗ്ഗീയഗണങ്ങളോടൊപ്പം നിരചേരാൻ: മണ്ണിലെ മക്കൾക്ക് മദ്ധ്യസ്ഥയാകാനും. ●

## ‘ഇടയനിൽ ഒരിടം’

സൺഡേസ്കൂൾ കുട്ടികളുടെ
സർഗ്ഗാത്മക കഴിവുകളെ
പ്രോത്സാഹിപ്പിക്കാൻ
ഇടയനിൽ ഒരിടം...

ഈ പംക്തിയിലേക്ക് കുട്ടികളുടെ സർഗ്ഗസൃഷ്ടികൾ ക്ഷണിക്കുന്നു... കൂടുതൽ വിവരങ്ങൾക്ക് ചീഫ് എഡിറ്ററുമായി ബന്ധപ്പെടുക.






Veena, Balikabhavan



Juna Elizabeth Joseph
Nedumkunnam





# നമ്മുടെ ആരോഗ്യം നാം ശ്രദ്ധിക്കുന്നുണ്ടോ?

**ഫാ. ജോസഫ് ഈറ്റോലിൽ**



**ലോ**കം മുഴുവൻ കോവിഡ് മഹാമാരിയുടെ പിടിയിലാണ്. നമ്മളെല്ലാം ലോക്ക്ഡൗൺ ജീവിതം ആരംഭിച്ചിട്ട് നാളുകളായി. നമ്മുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യമായ ആരോഗ്യം പല രീതിയിലും നഷ്ടപ്പെടുന്ന ഒരു കാലമാണ് ലോക്ക്ഡൗൺ കാലം. രോഗം വരുംവരെയും ആരോഗ്യത്തിന്റെ വില നാം മനസ്സിലാക്കില്ല. സ്വർണത്തിന്റെയും വെള്ളിയുടെയും തുട്ടുകളല്ല ആരോഗ്യമാണ് ഏറ്റവും വലിയ സമ്പത്തെന്നു മഹാത്മാഗാന്ധി പറഞ്ഞിട്ടുണ്ട്. ആരോഗ്യം ശാരീരികകരുത്തോ രോഗമില്ലാത്ത അവസ്ഥയോ മാത്രം അല്ല. ശരിയായ ആരോഗ്യംശരീരത്തിന്റെയും മനസ്സിന്റെയും ആത്മാവിന്റെയും സന്തുലിതാവസ്ഥയാണ്. ഈ കാലഘട്ടത്തിൽ നമ്മുടെ ശരീരത്തിന്റെയും മനസ്സിന്റെയും ആത്മാവിന്റെയും ആരോഗ്യം കാത്തുസൂക്ഷിക്കുന്നതും വളർത്തുന്നതും വളരെ പ്രധാനമാണ്.

## ശരീരത്തിന്റെ ആരോഗ്യം

ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സുണ്ടാകൂ എന്ന് നാം പഠിച്ചിട്ടുണ്ട്. ശരീരത്തെ നാം ശ്രദ്ധയോടെ സൂക്ഷിച്ചാൽ ശരീരം

നമ്മെയും സൂക്ഷിക്കും. ഇന്നത്തെ സാഹചര്യത്തിൽ വീടുകളിൽ അടച്ചുപൂട്ടപ്പെട്ട അവസ്ഥയിൽ നമ്മളിൽ പലരും ശരീരം വേണ്ട പോലെ ശ്രദ്ധിക്കുന്നുണ്ടാവില്ല. കൊറോണ വരാതിരിക്കാൻ ശ്രദ്ധിച്ചു അവസാനം ദുർമേദസ്സ്, കൊളെസ്ട്രോൾ, തുടങ്ങിയ രോഗങ്ങൾ വിളിച്ചുവരുത്തുന്ന അവസ്ഥയിലാണ് നമ്മുടെ ജീവിതം. നമ്മുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായിരുന്ന പല വ്യായാമങ്ങളും ഇന്നില്ല. ഇപ്പോൾ നാം നടക്കുന്നില്ല, മറ്റു ജോലികൾ വളരെ പരിമിതമായി മാത്രമേ ചെയ്യുന്നുള്ളൂ. നാമറിയാതെ നമ്മുടെ ജീവിതശൈലി നമ്മെ രോഗികളാക്കാൻ സാധ്യതയുണ്ട്.

ഈ സാഹചര്യത്തിൽ നമ്മുടെ ശരീരത്തിന് ആവശ്യമായ വ്യായാമം എല്ലാ ദിവസവും ലഭിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടത് നമ്മുടെ ഉത്തവാദിത്വമാണ്. വീടുകളിലെ ജോലികളിൽ പരമാവധി പങ്കെടുത്തും, പറമ്പിൽ പണിയെടുത്തും, വ്യായാമമുറകൾ ചെയ്തും നമ്മുടെ ശരീരം നന്നായി സൂക്ഷിക്കാൻ ശ്രമിക്കാം. ഇപ്പോൾ വ്യക്തിപമായി വ്യായാമം ചെയ്യാനുള്ള അനുവാദം നൽകിയിട്ടുണ്ട്. അത് പരാമാവധി പ്രയോജനപ്പെടുത്താം. വ്യായാമമുറകളെ പരിചയപ്പെടുത്തുന്ന ആപ്പ്ളിക്കേഷനുകൾ ഇന്ന് പ്ലെയ്സ്റ്റോറിൽ സുലഭമാണ്. അവയിലൊന്ന് ഫോണിൽ ഡൌൺലോഡ് ചെയ്ത് ഉപയോഗിക്കുന്നത് ശാസ്ത്രീയമായി അനുദിനം വ്യായാമം ചെയ്യാൻ നമ്മെ സഹായിക്കും.

## മാനസികാരോഗ്യം

ശാരീരിക ആരോഗ്യത്തോടൊപ്പമോ അതിനേക്കാൾ കൂടുതലോ പ്രാധാന്യമുള്ളതാണ് മാനസികാരോഗ്യം. മനസ്സ് സന്തോഷപ്രദമായി നിലനിത്തുക എന്നത് വളരെ പ്രധാനമാണ്. ഇന്ന് അടച്ചുപൂട്ടപ്പെട്ട സാഹചര്യത്തിൽ മാനസികമായി തളർന്നവരും തകർന്നവരും ഏറെയാണ്. ഭയത്തിന്റെയും വിരസതയുടെയും വികാരങ്ങളും വ്യക്ത്യന്തരബന്ധങ്ങളുടെ അഭാവവും മാനസികമായി നമ്മെ വളരെ തളർത്തുന്നു. ഉല്ലാസത്തിന്റെ കുറവും മാനസികസമ്മർദ്ദവും അടച്ചുപൂട്ടപ്പെട്ട അവസ്ഥയും നമ്മുടെ മാനസിക ആരോഗ്യത്തെ സാരമായി ബാധിക്കുന്നുണ്ട്. ഇങ്ങനെയുള്ള അവസരത്തിൽ ബോധപൂർവം നമ്മുടെ മനസ്സിനെ സന്തോഷിപ്പിക്കാനും ഉത്തേജിപ്പിക്കാനും നാം ശ്രദ്ധിക്കണം. പൂക്കൾ വളർത്തൽ, ഓൺലൈൻ പഠനം, വായന, വീട്ടുജോലികൾ, ഹോബികൾ, എന്നിങ്ങനെയുള്ള കാര്യങ്ങളിൽ ഏർപ്പെട്ടു നമ്മുടെ മനസ്സിനെ ആരോഗ്യപൂർണമായി നിലനിർത്താൻ പരിശ്രമിക്കാം. എപ്പോഴും മൊബൈൽ ഉപയോഗിക്കുന്നതും കൂടുതൽ സമയം ഗെയിം കളിക്കുന്നതുമെല്ലാം നമ്മുടെയും കുട്ടികളുടെയും മാനസിക

ആരോഗ്യത്തെ സാരമായി ബാധിക്കുമെന്ന് തിരിച്ചറിയാം.

## ആത്മീയാരോഗ്യം

ക്രിസ്ത്യാനി എന്ന നിലയിൽ നമ്മുടെ ആത്മാവിന്റെ ആരോഗ്യം കാത്തുസൂക്ഷിക്കേണ്ടത് നിത്യരക്ഷക്ക് പരമപ്രധാനമാണ്. നമ്മുടെ ആത്മാവിന്റെ പരിപോഷണത്തിനായി നൽകപ്പെടുന്ന പ്രധാനപ്പെട്ട ആത്മീയ ശുശ്രൂഷകളാണ് കൂദാശകൾ. ഇന്നത്തെ സാഹചര്യത്തിൽ നമുക്ക് ദേവാലയത്തിൽ ഒരുമിച്ചു കൂടി പരിശുദ്ധ കുർബാന അർപ്പിക്കുന്നതിനും പരിശുദ്ധ കുമ്പസാരം നടത്തുന്നതിനും സാധിക്കുന്നുണ്ടാവില്ല. ഇത് നമ്മുടെ ആത്മീയ ആരോഗ്യത്തെ വളരെ പ്രതികൂലമായി ബാധിക്കും. എന്നാൽ വ്യക്തിപരമായ പ്രാർത്ഥനയുടെയും കുടുംബാംഗങ്ങൾ ഒരുമിച്ചുള്ള പ്രാർത്ഥനയുടെയും നമ്മുടെ ആത്മാവിനെ കരുത്തുറ്റതാക്കാൻ നാം ശ്രദ്ധിക്കണം. ദൈവാലയത്തിലെ പ്രാർത്ഥന ഇന്ന് പലർക്കും അസാധ്യമാണെങ്കിലും വീടുകളിലെ പ്രാർത്ഥന ഇന്ന് ആർക്കും അസാധ്യമല്ല. സഭയുടെ യാമപ്രാർത്ഥനകൾ ചൊല്ലിയും, മറ്റു ഭക്താഭ്യാസങ്ങളായ കൊന്ത, കുരിശിന്റെ വഴി, വിശുദ്ധ ഗ്രന്ഥവായന, ധ്യാനം, സദ്ഗ്രന്ഥവായന, വിശുദ്ധരുടെ ജീവചരിത്രം പരിചയപ്പെടൽ എന്നിവയിലൂടെയും നമ്മുടെ ആത്മാവിനെ നമുക്ക് നിർമ്മലമായി കാക്കാം.



നമ്മുടെ ശരീരത്തിന്റെയും മനസ്സിന്റെയും ആത്മാവിന്റെയും ആരോഗ്യം കാത്തുസൂക്ഷിക്കുക എന്നത് നമ്മുടെ ഉത്തരവാദിത്വമാണ്. കോവിഡാനന്തര കാലത്തു സന്തോഷമായി ജീവിക്കാൻ നമ്മൾ നമ്മെത്തന്നെ ആരോഗ്യത്തോടെ കാത്തുസൂക്ഷിക്കണം. നമ്മുടെ ജീവിതത്തിൽ നമുക്ക് ഏറ്റവും നല്ല പ്രതിഫലം നൽകുന്ന നിക്ഷേപം നമ്മുടെ ആരോഗ്യത്തിൽ നാം ചെയ്യുന്ന നിക്ഷേപമാണ്. എല്ലാ സന്തോഷങ്ങളുടെയും അടിസ്ഥാനഘടകം ആരോഗ്യകരമായ ജീവിതമാണ്. നമ്മുടെ ജീവിതശൈലിയെ പരുവപ്പെടുത്തിയെടുത്ത നമ്മുടെ ശരീരത്തെയും മനസ്സിനെയും ആത്മാവിനെയും ആരോഗ്യപൂർണമായി കാക്കാം.



# ധന്യൻ മാർ തോമസ് കുര്യാളശ്ശേരി: വി. യൗസേപ്പിന്റെ ഭക്തനും കുടുംബങ്ങളുടെ സ്നേഹിതനും

**സി. തെരേസ നടുപ്പടവിൽ** SABS



**2021** -ാമാണ്ട്, വിശുദ്ധ യൗസേപ്പിനു പ്രതിഷ്ഠിതമായ വർഷമെന്നതുപോലെ കുടുംബവർഷമായും പ്രഖ്യാപിക്കപ്പെട്ടിരിക്കുകയാണ്. 1870 ഡിസംബർ 8-ന് ഒൻപതാം പീയൂസ് പാപ്പാ വി. യൗസേപ്പിനെ സാർവത്രികസഭയുടെ സംരക്ഷകനായി പ്രഖ്യാപിച്ചിട്ട് 150 വർഷം തികയുന്നതിന്റെ ഓർമയിൽ, 2020-ലെ അമലോത്ഭവത്തിരുനാളിലാരംഭിച്ച് (ഡിസംബർ 8) 2021-ലെ അമലോത്ഭവത്തിരുനാളിൽ അവസാനിക്കുന്നതാണ് വി. യൗസേപ്പിന്റെ വർഷം. കുടുംബവർഷമാകട്ടെ, വിശുദ്ധ യൗസേപ്പിന്റെ മരണത്തിരുനാളിൽ (മാർച്ച് 19) സ്നേഹത്തിന്റെ സന്തോഷം (Amoris Laetitia, 2016) എന്ന കുടുംബങ്ങൾക്കുവേണ്ടിയുള്ള സിനഡനന്തരരേഖ പുറപ്പെടുവിച്ചതിന്റെ അഞ്ചാംവാർഷികത്തിന്റെ അനുസ്മരണയിലാണ് പ്രഖ്യാപിക്കപ്പെട്ടത്. 'അമോറിസ് ലെത്തീസ്യ കുടുംബവർഷം' (Amoris Laetitia Family Year) എന്നറിയപ്പെടുന്ന ഈ കുടുംബവർഷാചരണം 2021 മാർച്ച് 19 മുതൽ, 2022 ജൂണ് 26-ന് റോമിൽവച്ച് നടത്തപ്പെടുന്ന പത്താമത് ആഗോള കുടുംബസംഗമം വരെയാണ്.

വി. യൗസേപ്പിനെ സാർവത്രികസഭയുടെ സംരക്ഷകനായി പ്രഖ്യാപിച്ചതിന്റെ സുവർണജൂബിലി ആചരിക്കുകയും ജൂബിലി ആഘോഷങ്ങൾ വി. യൗസേപ്പിനോടുള്ള ഭക്തിയിൽ വളരുന്നതിനും വിശുദ്ധന്റെ മാതൃക അനുകരിക്കുന്നതിനും അങ്ങനെ തിരുക്കുടുംബ

ജീവിതശൈലി കുടുംബങ്ങളിൽ പുലരുന്നതിനും അവസരമാക്കി തന്റെ അജഗണങ്ങൾക്ക് ഉപദേശനിർദേശങ്ങൾ നൽകിയ ഒരു നല്ല പിതാവ് ചങ്ങനാശ്ശേരി അതിരൂപതയുടെ ചരിത്രത്തിലുണ്ട്; ചങ്ങനാശ്ശേരി രൂപതയുടെ പ്രഥമമെത്രാൻ ധന്യൻ മാർ തോമസ് കുര്യാളശ്ശേരി. ഈ പ്രത്യേക വർഷാചരണങ്ങൾ 2021-ന് ആത്മീയമായ ഒരു ഉണർത്തുപാട്ടാകുമ്പോൾ, അദ്ദേഹത്തിന്റെ 96-ാമതു ചരമവാർഷികത്തിന്റെ ആചരണവേള 1920-21-ലെ ജൂബിലിയാചരണങ്ങൾക്കുവേണ്ടിയുള്ള അദ്ദേഹത്തിന്റെ ഉപദേശനിർദേശങ്ങളെ ഒന്നുകൂടി കേൾക്കുന്നതിനും നമ്മെ ആത്മീയമായി ഉണർത്തുന്നതിനും ഉചിതമാണ്. ഒമ്പതാം പീയൂസ് പാപ്പാ വി. യൗസേപ്പിനെ സാർവത്രികസഭയുടെ സംരക്ഷകനായി പ്രഖ്യാപിക്കപ്പെട്ടതിന്റെ 150-ാം വാർഷികത്തിൽ ഫ്രാൻസീസ് പാപ്പാ 'പാത്രിസ് കോർദെ' (പിതൃഹൃദയത്തോടെ) എന്ന രേഖ പുറപ്പെടുവിച്ചു. ധന്യനായ കുര്യാളശ്ശേരിപ്പിതാവാകട്ടെ, അതിന്റെ അമ്പതാം വർഷത്തിൽ പ്രത്യേകമായി 55 ഉം 58-ഉം ഇടയലേഖനങ്ങൾ നൽകി. ആ ലേഖനങ്ങൾ ഒരു ശതവർഷം പൂർത്തിയാക്കുമ്പോൾ നമ്മുടെ ജീവിതത്തിന് ഏറെ പ്രസക്തമാകട്ടെ. അവയിലെ തെരഞ്ഞെടുത്ത ഭാഗങ്ങൾ താഴെച്ചേർക്കുന്നു.

**ഇടയലേഖനം 55 - 1920 ഡിസംബർ 3**

*വന്ദ്യസഹോദരരേ, സ്നേഹിക്കപ്പെട്ട മക്കളേ,*

*1870 ഡിസംബർ 8-ാം തീയതി നിത്യസ്മരണയ്ക്കർഹനായ ഒൻപതാം പീയൂസ് പാപ്പാ വിശുദ്ധ യൗസേപ്പിനെ തിരുസ്സഭയുടെ സംരക്ഷകനായി പ്രഖ്യാപനം ചെയ്തിട്ട് ഈ ഡിസംബർ 8-ാം തീയതി ഇതാ അമ്പതു സംവത്സരം തികയുന്നു. ഈ അവസരത്തിൽ നമ്മുടെ വിശുദ്ധ പിതാവിന്റെ നേരെയുള്ള ഭക്തിയുടെ മാഹാത്മ്യത്തെയും, ഈ പരിശുദ്ധന്റെ മധ്യസ്ഥതയിൽ നാം ആശ്രയിക്കേണ്ട ആവശ്യത്തെയും, കഴിഞ്ഞ അമ്പതു സംവത്സരങ്ങൾക്കിടയിൽ ഈ പുണ്യവാന്റെ മധ്യസ്ഥതയാൽ തിരുസ്സഭയ്ക്കു ലഭിച്ചിട്ടുള്ള നിരവധി ഉപകാരങ്ങൾക്കു കൃതജ്ഞത പ്രകാശിപ്പിക്കേണ്ട വിധത്തെയും സംബന്ധിച്ചു... നിങ്ങളെ ഓർപ്പിക്കുന്നു.*

*ലോകത്തിൽ ഉത്തരവാദിത്വമുള്ള ഓരോ ഉദ്യോഗങ്ങൾക്കായി നിയോഗിക്കപ്പെടുന്നവർ അതതു ഉദ്യോഗങ്ങൾ വേണ്ടവിധം നിർവഹിക്കുന്നതിനു പ്രാപ്തരായിരിക്കണമെന്നു നാം ന്യായമായി പ്രത്യാശിക്കുന്നെങ്കിൽ, സ്വർഗരാജ്ഞിയുടെയും ദൈവപുത്രന്റെയും സംരക്ഷകനും തിരുക്കുടുംബത്തിന്റെ ഭരണകർത്താവുമായി, അനന്തജ്ഞാനിയായ ദൈവത്താൽ നിയോഗിക്കപ്പെട്ട ഈ പരിശുദ്ധന്റെ*

*പുണ്യപൂർണതയും മഹത്ത്വവും എത്രമാത്രമെന്നു നിങ്ങൾതന്നെ അനുമാനിപ്പിൻ. ...വിശുദ്ധ യൗസേപ്പിന്റെ ഭക്തിയിൽ നിങ്ങൾ അഭിവൃദ്ധിപ്പെടുന്നെങ്കിൽ തിരുക്കുടുംബത്തോടുള്ള ഭക്തി നിങ്ങളിൽ താനേ മുളച്ചുവളർന്ന് അഭിവൃദ്ധിപ്പെടുമെന്നുള്ളതിൽ തർക്കമില്ല... തിരുക്കുടുംബത്തെ നിങ്ങളുടെ ആശ്രയവും അഭയസ്ഥാനവുമായി തിരഞ്ഞെടുത്തു മറിയത്തിന്റെയും യൗസേപ്പിന്റെയും തിരുക്കരങ്ങൾ വഴിയായി ഈശോയുടെ തിരുഹൃദയത്തിനു നിങ്ങളുടെ പ്രവൃത്തികളെ സമർപ്പിപ്പിൻ. അവരുടെ പുണ്യങ്ങളെ അനുകരിപ്പിൻ. ...തിരുക്കുടുംബത്തിന്റെ ദാരിദ്ര്യാദി കഷ്ടതകളെക്കുറിച്ചു ധ്യാനിക്കയും സങ്കടങ്ങളെ ക്ഷമാപൂർവം സഹിക്കുന്നതിനു പരിശീലിക്കയും ചെയ്യുവിൻ. പ്രത്യേകമായി, മാതാപിതാക്കന്മാർ തങ്ങളുടെ കുട്ടികളുടെ വേദപഠനത്തിലും സന്മാർഗവർധനവിലും പൂർവാധികം ജാഗരൂകരായിരിപ്പിൻ. അപ്പോൾ നിങ്ങൾ സാക്ഷാലുള്ള സമാധാനവും സംതൃപ്തിയും അനുഭവിക്കയും തിരുക്കുടുംബത്തിന്റെ സ്നേഹപൂർണമായ ആലിംഗനത്തിനു പാത്രീഭൂതരാവുകയും നിങ്ങൾക്ക സ്വർഗത്തിൽ ഉന്നതകിരീടം ലഭിക്കുകയും ചെയ്യുമെന്നതിനു യാതൊരു സംശയവുമില്ല.*

*...അവസാനമായി, കഴിഞ്ഞ ജൂലൈ 25-നു തിരുസിംഹാസനത്തിൽ നിന്നുണ്ടായിട്ടുള്ള കൽപ്പന അനുസരിച്ച്, മാർ യൗസേപ്പു പിതാവിനെ തിരുസ്സഭയുടെ സംരക്ഷകനായി പ്രഖ്യാപനം ചെയ്തതിന്റെ സുവർണജൂബിലി ഈ ഡിസംബർ എട്ടിനോ, അതിനടുത്ത ഞായറാഴ്ചയോ ഓരോ പള്ളികളിലും ആഘോഷിക്കണമെന്നും അന്നേദിവസം പള്ളിച്ചെലവിന്മേൽ, സൗകര്യാനുസരണം തപസ്സുകുർബാനയോ പാട്ടുകുർബാനോയോ നടത്തുകയും പരസ്യമായി വിശുദ്ധ കുർബാന എഴുന്നള്ളിച്ചു വച്ചുകൊണ്ട് 'ലാക് ആലാഹാ' എന്ന സ്തോത്രഗീതം പാടുകയും ചെയ്യുന്നതിനു പുറമെ, തിരുസ്സഭയെ സകലവിധമായ അപകടങ്ങളിൽ നിന്നു കാത്തുരക്ഷിക്കുന്നതിനും... ഈ സുവർണജൂബിലിസ്മാരകമായി എല്ലാ ദേവാലയങ്ങളിലും വീടുകളിലും അൻപത്തിമൂന്നുമണിജപം കഴിഞ്ഞ് 'ഭാഗ്യപ്പെട്ട മാർ യൗസേപ്പേ, ഞങ്ങളുടെ അനർഥങ്ങളിൽ അങ്ങേപ്പക്കൽ ഓടിവന്ന്...' എന്നാരംഭിക്കുന്ന പ്രാർഥന കൂട്ടമായി ചൊല്ലി തിരുസ്സഭയ്ക്കുവേണ്ടി അപക്ഷിക്കയും ചെയ്യണമെന്നും... നിങ്ങളോടുപദേശിക്കുകയും ദൈവജനനിയുടെയും അവിടുത്തെ പ്രിയ ഭർത്താവിന്റെയും സംരക്ഷണയിൽ നിങ്ങളെ എല്ലാവരെയും ഭരമേൽപ്പിക്കയും ചെയ്തുകൊണ്ട് ബാവായുടെയും പുത്രന്റെയും റൂഹാദ്ക്കുദിശായുടെയും നാമത്തിൽ നാം നിങ്ങളെ എല്ലാവരെയും ആശീർവദിക്കുന്നു...*

ഇടയലേഖനം 58 – 1921 ഫെബ്രുവരി 11

*വന്ദ്യസഹോദരരേ, സ്നേഹിക്കപ്പെട്ട മക്കളേ,*

*നിത്യസ്മരണയ്ക്കർഹനായ ഒൻപതാം പീയൂസ് പാപ്പാ വിശുദ്ധ യൗസേപ്പിനെ തിരുസ്സഭയുടെ സംരക്ഷകനായി പ്രഖ്യാപനംചെയ്തതിന്റെ സുവർണജൂബിലി കത്തോലിക്കാ ലോകമൊട്ടുക്ക് ആഘോഷിക്കപ്പെടുന്ന ഈയാണ്ടിൽ വി. യൗസേപ്പിന്റെ മധ്യസ്ഥതയുടെ ശ്രേഷ്ഠതയെയും, ഈ ഭക്തിയിൽ നിങ്ങൾ ഉത്തരോത്തരം വർധിക്കുന്നതിനു ഉപയുക്തങ്ങളായ മാർഗങ്ങളെയുംകുറിച്ച് സംക്ഷേപമായി നിങ്ങളെ ഓർപ്പിക്കുന്നതും, ഈയാണ്ടിൽ ഈ പുണ്യപിതാവിന്റെ വണക്കമാസം പൂർവാധികം ഭക്തിയോടുകൂടി ആചരിക്കുന്നതിനു നിങ്ങളെ പ്രേരിപ്പിക്കുന്നതും സന്ദർഭോചിതമായിരിക്കുകയാൽ... ഈ ഉപദേശത്തെ സശ്രദ്ധം കേട്ടു നിങ്ങൾ ഈ വന്ദ്യപിതാവിന്റെ വാത്സല്യഭാജനങ്ങളായിത്തീരണമെന്നു നാം അത്യധികം ആഗ്രഹിക്കുന്നു.*

*...ദാരിദ്ര്യസ്ഥിതിയിൽ കാലയാപനം ചെയ്തിരുന്നതും ലോകദൃഷ്ടിയിൽ നിസ്സാരമായി വിചാരിക്കപ്പെട്ടിരുന്നതുമായ ഒരു ചെറിയ കുടുംബത്തിന്റെ നായകൻ മാത്രമായിരുന്നാലും വി. യൗസേപ്പ് സാമ്രാജ്യങ്ങളുടെയും ചക്രവർത്തികളുടെയും സമുദായങ്ങളുടെയും സമുദായനേതാക്കന്മാരുടെയും കുടുംബങ്ങളുടെയും കുടുബനായകന്മാരുടെയും അഭയസ്ഥാനമായും ഓരോരുത്തർക്കും അനുകരണീയമായ വിവിധ പുണ്യങ്ങളുടെ ഭൺഡാരമായും പ്രദ്യോതിക്കുന്നു... പരിശുദ്ധിയുടെ സംപൂർണനിധിയായ ദൈവകുമാരന്റെയും അവിടുത്തെ അതിപരിശുദ്ധയായ അമ്മയുടെയും സംരക്ഷകനായി സർവശക്തനായ ദൈവത്താൽ നിയുക്തനായ വി. യൗസേപ്പിന്റെ അനഹങ്കാരത്തെയും പരിശുദ്ധതയെയും നിങ്ങൾ അനുകരിപ്പിൻ. ഈ വിശുദ്ധന്റെ മധ്യസ്ഥതയിൽ ആശ്രയിച്ചുകൊണ്ട്... ദമ്പതിമാർ തങ്ങളുടെ അന്തസ്സിനടുത്ത ചാരിത്ര്യശുദ്ധിയെ സംരക്ഷിക്കുകന്നതിന് ആവശ്യമായ വരപ്രസാദം ലഭിക്കുന്നതിനു ഈ പിതാവിനോടു യാചിക്കട്ടെ. സന്യാസികളും കുഞ്ഞുങ്ങളും തങ്ങളുടെ നിഷ്ക്കളങ്കത നഷ്ടപ്പെടാതിരിക്കുന്നതിനും പാപികൾ പാപമോചനം പ്രാപിക്കുന്നതിനും പരിശുദ്ധിയുെ കാവൽക്കാരനായ വി. യൗസേപ്പിൽ ആശ്രയിക്കട്ടെ...*

ദൈവം നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന കഴിവുകളും പുണ്യങ്ങളും പുറത്തെത്തിക്കുന്നതിനുള്ളതാണ് പ്രതിസന്ധികളെന്ന്, വി. യൗസേപ്പിന്റെ വർഷം പ്രഖ്യാപിച്ചുകൊണ്ട് നൽകിയ പിതൃഹൃദയത്തോടെ (പാത്രിസ് കോർദെ) എന്ന രേഖയിൽ വിശുദ്ധന്റെ

വി. യൗസേപ്പിനെ സാർവത്രികസഭയുടെ സംരക്ഷകനായി പ്രഖ്യാപിച്ചതിന്റെ സുവർണജൂബിലി ആചരിക്കുകയും ജൂബിലി ആഘോഷങ്ങൾ വി. യൗസേപ്പിനോടുള്ള ഭക്തിയിൽ വളരുന്നതിനും വിശുദ്ധന്റെ മാതൃക അനുകരിക്കുന്നതിനും അങ്ങനെ തിരുക്കുടുംബജീവിതശൈലി കുടുംബങ്ങളിൽ പുലരുന്നതിനും അവസരമാക്കി തന്റെ അജഗണങ്ങൾക്ക് ഉപദേശനിർദേശങ്ങൾ നൽകിയ ഒരു നല്ല പിതാവ് ചങ്ങനാശ്ശേരി അതിരൂപതയുടെ ചരിത്രത്തിലുണ്ട്.

ജീവിതം വരച്ചുകാട്ടി ഫ്രാൻസീസ് പാപ്പാ നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. താൻ ദൈവകുമാരന്റെ വളർത്തുപിതാവും, അവിടുത്തെ അമ്മ തന്റെ ഭാര്യയും ആയിരുന്നിട്ടും, ഒരു കുടുംബത്തിലുണ്ടാകാവുന്ന സംശയത്തിന്റെയും ശത്രുഭയത്തിന്റെയും പ്രവാസത്തിന്റെയും അധ്വാനത്തിന്റെയും ദാരിദ്ര്യത്തിന്റെയും ആയ എല്ലാ പ്രതിസന്ധികളും വി. യൗസേപ്പിനു നേരിടേണ്ടിവന്നു. ആ പ്രതിസന്ധികളിലെല്ലാം ദൈവസ്വരം കേൾക്കുകയും അനുസരിക്കുകയുംചെയ്ത ആ പിതാവിനെപ്പോലെ, ദൈവസ്വരം കേൾക്കാനും ആ സ്വരത്തിനു വിധേയപ്പെടാനും പ്രതിസന്ധികളിൽ നമുക്കും കഴിയണം. കുര്യാളശ്ശേരിപ്പിതാവ് തന്റെ പ്രതിസന്ധികളെ വി. യൗസേപ്പിന്റെ മാധ്യസ്ഥ്യത്താൽ അനുഗ്രഹങ്ങളാക്കി മാറ്റിയതിന്റെ മാതൃക നമുക്കുണ്ട്; ധന്യപിതാവിന്റെ മാധ്യസ്ഥ്യവും. തിരുക്കുടുംബത്തിന്റെ പാലകനായ വി. യൗസേപ്പിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ഈ വർഷത്തോടു കുടുംബങ്ങളെ ചേർത്തുവച്ചത് ഗാർഹിക സഭയായ കത്തോലിക്കാ കുടുംബങ്ങൾക്ക് തിരുക്കുടുംബത്തിലെ 'സ്നേഹത്തിന്റെ ആനന്ദ'ത്തിലേയ്ക്ക് ഉയരുവാൻ ദൈവമൊരുക്കിയ അവസരമാണെന്നു തിരിച്ചറിയാനും കോവിഡ് രോഗബാധയുടെ തിക്തഫലങ്ങളിലൂടെ കടന്നുപോകുന്ന ലോകത്തിനു പ്രത്യാശയുടെ ഗേഹങ്ങൾ തീർക്കാനും നമുക്കു കഴിയട്ടെ. ●

''ശരീര ജീവരക്ഷയ്ക്ക് ശ്വാസവും അന്നപാനങ്ങളും
എത്ര ആവശ്യകങ്ങളായിരിക്കുന്നുവോ
അതുപോലെ ആത്മീയ ജീവസന്ധാരണത്തിന്
പ്രാർത്ഥനയും ഒഴിച്ചുകൂടാത്തതാകുന്നു'' (P.L. 35)

● ധന്യൻ മാർ തോമസ് കുര്യാളശേരി ●





# തിരുഹൃദയത്തിലെ കെടാവിളക്ക്



സി. ഡെൽന പൊട്ടംകുളം SABS, ഇടുക്കി



'ഈശോയുടെ തിരുഹൃദയത്തിലർപ്പിച്ച മനോവിശ്വാസമാണ് എന്റെ മൂലധനം' എന്ന സത്യം തന്റെ ജീവിതത്തിൽ പ്രതിഫലിപ്പിച്ച് തികഞ്ഞ തിരുഹൃദയ ഭക്തനായി ജീവിച്ച ഒരു ധന്യാത്മാവാണ് ആരാധനാസന്ന്യാസിനീസമൂഹത്തിന്റെ സ്ഥാപകനും ദിവ്യകാരുണ്യഭക്തനുമായ ധന്യൻ മാർ തോമസ് കുര്യാളശ്ശേരിപ്പിതാവ്. പിതാവ്, ചങ്ങനാശ്ശേരി വികാരിയാത്തിന്റെ സാരഥ്യം ഏറ്റെടുത്ത ആദ്യനാളുകളിൽ തന്നെ 'നമ്മുടെ ആത്മീകജനനം പിളർക്കപ്പെട്ട ആ ദിവ്യഹൃദയത്തിൽ നിന്നു പുറപ്പെട്ട ദിവ്യരക്തത്തോടും വെള്ളത്തോടുംകൂടി ആയിരിക്കുന്നു' (ഇടയലേഖനം 1) എന്നും 'തിരുഹൃദയത്തിലെ സ്നേഹം ദിവ്യകാരുണ്യമെന്ന പരമകൂദാശയിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു' (ഇടയലേഖനം 4) സൂചിപ്പിച്ചുകൊണ്ട്, തിരുഹൃദയസഖ്യത സ്ഥാപിക്കുകയും, തിരുഹൃദയനൊവേനയോടുകൂടി തിരുഹൃദയത്തിരുനാൾ ആഘോഷിക്കുകയും, ആദ്യവെള്ളിയാഴ്ചകൾ തിരുഹൃദയഭക്തിയാചരണത്തിനായി പ്രത്യേകം നീക്കിവയ്ക്കുകയും, ജൂൺമാസം തിരുഹൃദയവണക്കമാസമായി ആചരിക്കുന്നതിനു നിർദേശിക്കുകയും അതിനായി തിരുഹൃദയവണക്കമാസം എഴുതി അച്ചടിപ്പിച്ച് പ്രചരിപ്പിക്കുകയും ചെയ്തു.

പാപത്തിന്റെ ചെളിക്കുണ്ടിൽ വീണുകിടക്കുന്ന ആത്മാക്കൾക്കായി സ്നേഹപൂർവം തുടിക്കുന്ന ഈശോയുടെ തിരുഹൃദയത്തിലെ സ്നേഹസ്പന്ദനം തിരിച്ചറിഞ്ഞ് ജീവിക്കുന്ന ചുറ്റുപാടുകളിലേയ്ക്ക്

ഒരു സ്നേഹജ്വാല പകർന്നുകൊടുക്കാൻ ഈ പുണ്യാത്മാവിനെ ദൈവം തിരഞ്ഞെടുത്തു. അതുകൊണ്ട് 'ദിവ്യകാരുണ്യയീശോ എല്ലായിടത്തും എല്ലാവരാലും എല്ലായ്പോഴും അറിയപ്പെടണമെന്നാഗ്രഹിച്ച് അദ്ദേഹം സ്ഥാപിച്ച ദിവ്യകാരുണ്യ ആരാധനാസന്യാസിനീ സമൂഹത്തിനും 'ശുദ്ധ കുർബാനയിൽ എഴുന്നള്ളിയിരിക്കുന്ന കർത്താവിന്റെ തിരുഹൃദയത്തോടുള്ള ഭക്തി' സർവപ്രധാനമായി അദ്ദേഹം നിർദേശിച്ചു. ഈശോയുടെ തിരുഹൃദയത്തിൽ തന്റെ സർവാശ്രയവും നിക്ഷേപിച്ച പിതാവ്, സൃഷ്ടപ്രപഞ്ചത്തിലും ഈ സാന്നിധ്യം തിരയുകയും തിരിച്ചറിയുകയും ചെയ്തിരുന്നു. പൂന്തോട്ടത്തിൽ മനോഹരമായി വിരിഞ്ഞുനിൽക്കുന്ന ചെമ്പരത്തിപ്പൂക്കൾ കാണുമ്പോൾ ഈശോയുടെ തിരുഹൃദയത്തെ അനുസ്മരിക്കുകയും അനുസ്മരിക്കണമെന്ന് ആദ്യമാതാക്കളെ പഠിപ്പിക്കുകയും ചെയ്തത് ഇതിനുദാഹരണമാണ്.

പരിശുദ്ധ കുർബാനയിലെ താഴ്മയിൽ, ശാന്തത നിറഞ്ഞ ഈശോയുടെ തിരുഹൃദയത്തെ നോക്കി ജീവിച്ച പിതാവ്, തിരുഹൃദയഭക്തിക്കു പ്രതിഷ്ഠിതമായിരിക്കുന്ന ജൂൺമാസത്തിൽത്തന്നെ ആ തിരുഹൃദയത്തിൽ വിലയം പ്രാപിച്ചു എന്നതും ആ പുണ്യാത്മാവിന്റെ തിരുഹൃദയഭക്തിയെ വിളിച്ചോതുന്നു. കോവിഡ് 19 മഹാമാരിയുടെ പിടിയിലമർന്നിരിക്കുന്ന നമുക്ക് പിതാവിനെപ്പോലെ ഈശോയുടെ തിരുഹൃദയത്തിൽ സർവ ആശ്രയത്വവും അർപ്പിച്ച് വിശുദ്ധരായി ജീവിക്കാം. ഈശോയുടെ സ്നേഹം ജ്വലിച്ചു പ്രകാശിക്കുന്ന തിരുഹൃദയത്തോടു ചേർന്നിരുന്നാൽ നിരാശയുടെ അന്ധകാരം നമ്മുടെ ജീവിതത്തിൽ ഉണ്ടാകുകയില്ല. ജീവിതം ലോക്ഡൗണിലും ക്വാറന്റയിനിലും ആകുമ്പോൾ, ദിശാബോധം നഷ്ടപ്പെടാതെ നമ്മുടെയും അനേകരുടെയും ഈ ലോകജീവിതം ധന്യമാക്കാനും നിത്യജീവിതം സ്വന്തമാക്കാനും അനേകർക്കു വെളിച്ചം പകരാനും ഒരു ക്രിസ്ത്യാനി എന്ന നിലയിൽ നമുക്ക് കടമയുണ്ട്. ഈശോയുടെ തിരുഹൃദയത്തിലെ കെടാവിളക്കായി മാറിയ കുര്യാളശ്ശേരിപ്പിതാവ് നമുക്കു വഴികാട്ടിയും മധ്യസ്ഥനുമായി നമ്മെ വിളിക്കുന്നു, ഒരു കെടാവിളക്കാകുവാൻ. ഈശോയുടെ തിരുഹൃദയം നമ്മെ അനുഗ്രഹിക്കട്ടെ! ●

''ദൈവഭീതിയും വേദപഠനവും ഇല്ലാത്ത ലൗകിക ശാസ്ത്രികളിൽ നിന്ന് സമുദായത്തിന് വലുതായ നാശമല്ലാതെ യാതൊരു വക ഗുണവും സിദ്ധിക്കുന്നില്ല'' (P.L . 4)

● ധന്യൻ മാർ തോമസ് കുര്യാളശേരി ●

| 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെ മെത്രാപ്പോലീത്തൻ ഇടവകയിൽ ചെയ്തിരിക്കുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾ | | |
|---|---|---|
| **1. മെത്രാപ്പോലീത്തൻ പള്ളി** | | |
| 1 | ഭവന നിർമ്മാണം | 12,85,000.00 |
| 2 | ചികിത്സാ സഹായം (ക്യാൻസർ രോഗികൾക്കുൾപ്പടെ) | 3,36,700.00 |
| 3 | വിവാഹ സഹായം | 2,55,000.00 |
| 4 | വിദ്യാഭ്യാസ സഹായം & സ്കോളർഷിപ്പ് | 1,05,000.00 |
| 5 | നിരാലംബരായ ഇടവകജനങ്ങൾക്ക് കോവിഡ്കാലത്ത് സഹായത്തിനുവേണ്ടി 800 ഭക്ഷ്യകിറ്റ് കൊടുത്തതിലേയ്ക്ക് | 2,96,000.00 |
| 6 | പള്ളിയിലെ പുറംപണിക്കാർക്കു കോവിഡ് കാലത്ത് സഹായം കൊടുത്തത് | 2,000.00 |
| 7 | മൃതദേഹസംസ്കാര സഹായം | 8,200.00 |
| 8 | വികാർ ചാരിറ്റി ഫണ്ട് (12 X 5000) | 60,000.00 |
| 9 | വികാർ ചാരിറ്റി (പേഴ്സണൽ) | 28,000.00 |
| **1. വിവിധ സംഘടനകൾക്ക് ജീവകാരുണ്യത്തിനുവേണ്ടി നല്കിയത്** | | |
| 1 | സൺഡേസ്കൂളുകൾ | 3,08,890.00 |
| 2 | വിൻസന്റ് ഡി പോൾ സൊസൈറ്റി | 3,11,754.00 |
| 3 | യുവദീപ്തി | 50,360.00 |
| 4 | സെന്റ് മേരീസ് മെത്രാപ്പോലീത്തൻ സൺഡേസ്കൂൾ | 32,690.00 |
| 5 | ദർശനസമൂഹം | 10,000.00 |
| 6 | അസംപ്ഷൻ സൺഡേസ്കൂൾ | 18,500.00 |
| 7 | കുടുംബകൂട്ടായ്മ | 14,500.00 |
| 8 | മിഷൻലീഗ് | 5,000.00 |
| 9 | സൺഡേസ്കൂൾ ടെക്സ്റ്റ് ബുക്ക് & വർക്ക് ബുക്ക് | 2,500.00 |
| 10 | മാതൃജ്യോതിസ് | 500.00 |
| 11 | പാലിയേറ്റീവ് | 200.00 |
| | ആകെ | 31,30,794.00 |
| **2. ഗത്സെമനി ആശ്രമ ദൈവാലയം, വാഴപ്പള്ളി** | | |
| 1 | വിൻസെന്റ് ഡി പോൾ | 8,79,795.00 |
| 2 | ചികിത്സാ സഹായം | 10,000.00 |

| | | |
|---|---|---|
| 3 | പാവപ്പെട്ടവർക്ക് സഹായം | 43,540.00 |
| 4 | വിദ്യാഭ്യാസ സഹായം | 27,000.00 |
| 5 | ഭവന നിർമ്മാണസഹായം (രണ്ടുപേർക്ക്) | 4,00,616.00 |
| 6 | യുവദീപ്തി (ബാലികാ ഭവന് കൊടുത്തത്) | 5,000.00 |
| | ആകെ | 13,65,951.00 |
| **3. സെന്റ് ആന്റണീസ് ചർച്ച്, വെട്ടിത്തുരുത്ത്** | | |
| 1 | വിവാഹ സഹായം | 10,000.00 |
| 2 | ചികിത്സാ സഹായം | 5,000.00 |
| 3 | പാവപ്പെട്ടവർക്ക് സഹായം | 10,000.00 |
| | ആകെ | 25,000.00 |
| **4. സെന്റ് മേരീസ് ചർച്ച്, വാഴപ്പള്ളി** | | |
| | ജീവകാരുണ്യ പ്രവർത്തനങ്ങൾ | 1,12,000.00 |
| **5. സെന്റ് ആൻണീസ് ചർച്ച്, പെരുന്ന** | | |
| | ജീവകാരുണ്യ പ്രവർത്തനങ്ങൾ | 47,000.00 |
| | ആകെ | 46,80,745.00 |
| | | |
| | | **ഫാ. ജോസ് കൊച്ചുപറമ്പിൽ**<br>വികാരി |

# ഹൃദ്യമായ സ്വാഗതം



**വിന്നിച്ചൻ കല്ലൂക്കളം**



**ജോർജ്ജുകുട്ടി വാരണത്ത്**



**ജോണി കണ്ടങ്കരി**

**2021-22 വർഷത്തിലേക്ക് വീണ്ടും തെരഞ്ഞെടുക്കപ്പെട്ട കൈക്കാരൻമാർക്ക് ഇടവകയുടെ അഭിനന്ദനങ്ങൾ...**



# ജലത്താലും ആത്മാവിനാലും

1. വെട്ടുകുഴിയിൽ ജിജി-ഹിമ മകൾ ഗ്രേസ് - 13.03.21
2. ചീരംവേലിൽ ബിജോയി-റ്റിറ്റി മകൾ ആഗ്നസ് - 20.03.21
3. പാലത്തിങ്കൽ ജോസ്ജി-ലിനു മകൾ റോസ് - 07.04.21
4. പാലത്തിങ്കൽ റ്റോംജി-മെർളിൻ മകൻ ജോർജ് - 07.04.21
5. ഇടശ്ശേരിപറമ്പിൽ പോൾസൺ-ജ്യോതിമോൾ മകൾ മേരി - 10.04.21
6. വാഞ്ചിക്കൽ ജോസി-മൗഷ്മി മകൾ മരിയട്രീസ - 21.04.21
7. വടക്കുംമുറി ജോഷി-അലീസിയ മകൻ നോഹ ഡാനിയേൽ ജോൺ - 26.04.21
8. പുത്തൻപുരയ്ക്കൽ ജോസഫ്-മേരി മകൻ ജോൺ - 22.03.21
9. കൊട്ടാരംചിറ സാബു-ഓമന മകൻ മാനുവേൽ - 06.06.21



# ദൈവം യോജിപ്പിച്ചത്

1. ഈ ഇടവക പുത്തൻപുരയ്ക്കൽ അർനോൾഡ് - മറിയാമ്മ മകൻ അഗസ്റ്റിനും പേട്ട സെന്റ് ആൻസ് ഫൊറോനാപള്ളി ഇടവക ഡിയോ ഡാറ്റസ് ബിജി - ആഷ മകൾ സൗമ്യയും തമ്മിലുള്ള വിവാഹം - 05.04.21
2. ഈ ഇടവക മൂലയിൽ ജോസഫ് - എൽസി മകൻ ഡേവിസും ഈ ഇടവക കാച്ചാംകോട് സെബാസ്റ്റ്യൻ - റെജി മകൾ റോസമ്മയും തമ്മിലുള്ള വിവാഹം - 08.04.21
3. ഈ ഇടവക നീലത്തുംമുക്കിൽ ജോസഫ് - കുഞ്ഞുമോൾ മകൻ ആന്റണിയും ഇടുക്കി മണിയാരംകുടി ഇടവക മണിമലയിൽ റ്റോമി - മേഴ്സി മകൾ ആലീസും തമ്മിലുള്ള വിവാഹം - 08.04.21
4. ഈ ഇടവക വാഴേപ്പറമ്പിൽ തോമസ് - ഷേർളി മകൻ ജോർജും ഫരീദാബാദ് ആർ.കെ. പുരം ഇടവക ഇടത്തൊട്ടിയിൽ തോമസ് - ലൗലി മകൾ ജൂഡിത്തും തമ്മിലുള്ള വിവാഹം - 17.04.21
5. ഈ ഇടവക കയ്യാലത്ത് സാബു - റെറ്റസി മകൻ ജോസഫും തൃക്കൊടിത്താനം ഇടവക തുണ്ടുപറമ്പിൽ ജോർജ് - ത്രേസ്യാമ്മ മകൾ മേരിയും തമ്മിലുള്ള വിവാഹം - 18.04.21

6. ഈ ഇടവക വാഞ്ചിക്കൽ ഇഗ്നേഷ്യസ് - റ്റെസി മകൻ ജോർജും മരുതോർവട്ടം ഇടവക ഇണ്ടിക്കുഴിയിൽ റ്റോമിച്ചൻ - അനു മകൾ ഹീബാ മരിയയും തമ്മിലുള്ള വിവാഹം - 19.04.21
7. ഈ ഇടവക കൂലിപ്പുരയ്ക്കൽ സോമി - സജിനി മകൻ ജോസഫും ഈ ഇടവക കളീയ്ക്കൽ ജിബി - ജോമോൾ മകൾ മരിയയും തമ്മിലുള്ള വിവാഹം - 20.04.21
8. ഈ ഇടവക പ്ലാംപറമ്പിൽ ജെയിംസ് - ഏലിയാമ്മ മകൻ മാത്യുവും തത്തംപള്ളി ഇടവക മംഗലശ്ശേരി ജോസഫ് - റോസ്മി മകൾ എൽസമ്മയും തമ്മിലുള്ള വിവാഹം - 22.04.21
9. ഈ ഇടവക മൂലയിൽ രാജു - ഫിലോമിന മകൻ ജോസഫും അമ്പൂരി ഇടവക ഉള്ളാട്ടിക്കുന്നേൽ തോമസ് - മോളി മകൾ ഏലിയാമ്മയും തമ്മിലുള്ള വിവാഹം - 24.04.21
10. ഈ ഇടവക കുതിരവേലിൽ ജോസഫ് - രാജമ്മ മകൻ ജോസഫും പാലാ രൂപത തുരുത്തിപ്പള്ളി ഇടവക മേലേടത്ത് മഡോണ മാത്യു - മോളി മകൾ റോസ് മേരിയും തമ്മിലുള്ള വിവാഹം - 24.04.21
11. ഈ ഇടവക തച്ചങ്കരി ജോൺസൺ - സൂസമ്മ മകൾ ജോർജും പാലാ രൂപത മേവട ഇടവക പുതുശ്ശേരി ജോസ് - ഏലിയാമ്മ മകൾ അന്നമ്മയും തമ്മിലുള്ള വിവാഹം - 26.04.21
12. ഈ ഇടവക കുരിശുംമൂട്ടിൽ തോമസ് - ഏലിയാമ്മ മകൻ സ്കറിയയും കാഞ്ഞിരപ്പള്ളി രൂപത തരകനാട്ടുകുന്ന് ഇടവക കാക്കപ്പാറയിൽ മാത്യു-ത്രേസ്യാമ്മ മകൾ എമിലിയും തമ്മിലുള്ള വിവാഹം - 29.04.21
13. ഈ ഇടവക വാച്ചാപറമ്പിൽ ജോർജ് - മേരിക്കുട്ടി മകൻ ജൂഡും വടക്കേക്കര ഇടവക കൊരട്ടിയിൽ ജോസഫ് - സിസിലി മകൾ അന്നയും തമ്മിലുള്ള വിവാഹം - 03.05.21
14. ഈ ഇടവക ഊരാംവേലിൽ ആന്റണി - ലീലാമ്മ മകൻ വർഗീസും തൃക്കൊടിത്താനം ഇടവക കുറ്റിക്കാട്ട് പോത്തൻ - ക്ലാരമ്മ മകൾ ത്രേസ്യാമ്മയും തമ്മിലുള്ള വിവാഹം - 19.05.21
15. ഈ ഇടവക മുക്കാടൻ സെബാസ്റ്റ്യൻ - ലാലി മകൻ സെബാസ്റ്റ്യനും താമരശ്ശേരി രൂപത അമലാപുരി ഇടവക തെക്കേൽ തോമസ് - ലിസി മകൾ എലിസബത്തും തമ്മിലുള്ള വിവാഹം - 24.05.21
16. ഈ ഇടവക കുരിശുംമൂട്ടിൽ വർഗീസ് - ജെസി മകൻ സെബാസ്റ്റ്യനും പാലാ കത്തീഡ്രൽ ഇടവക മേച്ചിരകത്ത് ബാബു - സിസിലി മകൾ എലിസബത്തും തമ്മിലുള്ള വിവാഹം - 27.05.21
17. ഈ ഇടവക പറപ്പള്ളിൽ ജോസഫ് - മറിയാമ്മ മകൻ തോമസും വടക്കേക്കര ഇടവക ആറുപറ ഫിലിപ്പ് - സജിമോൾ മകൾ മറിയവും തമ്മിലുള്ള വിവാഹം - 27.05.21
18. ഈ ഇടവക പുന്നക്കുടി സോജൻ - സിന്ധു മകൻ മാത്യുവും തൃശൂർ പുത്തൻപള്ളി മംഗലം ജോജു - ഷെല്ലി മകൾ അന്നക്കുട്ടിയും തമ്മിലുള്ള വിവാഹം - 26.06.21



# ഉത്ഥിതനോടൊപ്പം

1. തകടിയേൽ ടി. എസ്. വർഗീസ് (72 വയസ്) – 03.03.21
2. പുല്ലുകാട്ടുപറമ്പിൽ ബാബു പി. പി. (58 വയസ്) – 07.03.21
3. പ്ലാംപറമ്പിൽ ഔസേഫ് മത്തായി (100 വയസ്) – 19.03.21
4. കാരാപ്പുഴശ്ശേരി പ്രീതി മാർട്ടിൻ (39 വയസ്) – 26.03.21
5. തലച്ചെല്ലൂർ മറിയാമ്മ ജോസഫ് (90 വയസ്) – 25.03.21
6. കുരിശുംമൂട്ടിൽ മേഴ്സി മാത്യു (65 വയസ്) – 24.03.21
7. സി. ആനിയമ്മ മാത്യു, സോയിൽ കമ്യൂണിറ്റി (63 വയസ്) – 28.03.21
8. പുത്തൻപുരയ്ക്കൽ ലീലാമ്മ കുഞ്ഞുമോൻ (64 വയസ്) – 02.04.21
9. കുരിശുംമൂട്ടിൽ ജോസഫ് മാത്യു (68വയസ്) – 05.04.21
10. കല്ലുകളം കെ. ജെ. ചാക്കോ (91 വയസ്) – 12.04.21
11. കടന്തോട് ജോസഫ് തോമസ് (72 വയസ്) – 11.04.21
12. കല്ലുകളം ത്രേസ്യാമ്മ മാത്യു (82 വയസ്) – 25.04.21
13. പെരുമ്പുഴക്കടവിൽ തോമസ് പി. കെ. (83 വയസ്) – 04.05.21
14. പുത്തൻപുരയ്ക്കൽ സീനാ ജോസഫ് (46 വയസ്) – 04.05.21
15. പുറവടി പി. എസ്. ജോർജ് (75 വയസ്) – 05.05.21
16. മാറാട്ടുകളം ലാലൻ ആന്റണി (60 വയസ്) – 08.05.21
17. ചക്കാലയിൽ കുഞ്ഞമ്മ സ്കറിയ (71 വയസ്) – 18.05.21
18. കോട്ടയ്ക്കൽ കെ. സി. സെബാസ്റ്റ്യൻ (57 വയസ്) – 23.05.21
19. കാവാലം പുതുപ്പറമ്പിൽ ജോസഫ് മാത്യു (71 വയസ്) – 08.06.21
20. മൂലയിൽ വർഗീസ് ജോസഫ് (63 വയസ്) – 09.06.21
21. കളപ്പുരയ്ക്കൽ കുര്യാക്കോസ് സ്കറിയ (73 വയസ്) – 09.06.21
22. കുരിശുംമൂട്ടിൽ മറിയാമ്മ ജോസഫ് (90 വയസ്) – 13.06.21
23. ചക്കാലച്ചിറ ദേവസ്യാ ജോസഫ് (75 വയസ്) – 14.06.21
24. നെടിയകാലാപറമ്പിൽ എൻ. ജെ. ജോസ് (83 വയസ്) – 17.06.21
25. കടവിൽ കെ. എം. ആന്റണി (93 വയസ്) – 21.06.21

